അതുകൊണ്ട് എൽ. എം. പി. വിഭാഗക്കാക്ക് അങ്ങനെയുള്ള ബുദ്ധിമുട്ട വരുമെന്നു തോന്നുന്നില്ല. സെലക്റ്റുകമ്മിറ്റിക്കു ഈ കാര്യങ്ങളെ എല്ലാം പരിശോധിച്ചു ഒരു റിപ്പോർട്ടു സമർപ്പിക്കുവാൻ സാധിക്കുമെന്നാണു വിചാരിക്കുന്നതു്. ആ നിലയ്ക്കു ഈ ബില്ലു് സെലക്റ്റുകമ്മിറ്റിക്കു അയയ്ക്കണമെന്നു നിയമസഭയോടു ഞാൻ അപേക്ഷിക്കുന്നു. സെക്റ്റുകമ്മിറ്റിയിലേക്കുള്ള മെമ്പർമാരുടെ പേരു ഞാൻ നിർദ്ദേശിക്കുന്നു. ശ്രീ. എൻ. ഭാസ്കരൻനായർ, ഡാക്ടർ കെ.എം. ചാക്കോ, ശ്രീ. പി. ചാക്കോ, ശ്രീമതി ഓ.ടി.ശാരദാകൃഷ്ണൻ, ശ്രീ. കെ. ആർ. വിജയൻ, ശ്രീ. പി. കെ. അബ്ദുൽകാദർ, ശ്രീ. എം. നാരായണക്കുറുപ്പു്, ശ്രീ. ആർ. ബാലകൃഷ്ണപിള്ള. ശ്രീ. ജോസഫ് ചാഴിക്കാടൻ, ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ, ശ്രീ. ഇ. പി. ഗോപാലൻ, ശ്രീ. പി. എസ്. ശ്രീനിവാസൻ, ശ്രീ. വി. പി. സി. തങ്ങൾ, ശ്രീ. സി. എം. കുട്ടി, ശ്രീ. കെ. എം. ജോർജ്, ശ്രീ. പി. നാരായണൻനമ്പി ആൻറു് ദി മൂവർ.

Mr. Speaker : The question is that the Kerala Medical Practitioners Bill, 1963 be referred to a Select Committee consisting of the following Members :

1. Shri N. Bhaskaran Nair,
2. ,, P. Chacko,
3. Dr. K. M. Chacko,
4. Smt. O. T. Sarada Krishnan,
5. Shri K. R. Vijayan,
6. ,, P. K. Abdul Kadir,
7. ,, M. Narayana Kurup,
8. ,, C. M. Kutty,
9. ,, P. Narayanan Thampi,
10. ,, R Balakrishna Pillai,
11. ,, Joseph Chazhikkattu,
12. ,, T. C. Narayanan Nambiar,
13. ,, E. P. Gopalan,
14. ,, P. S. Srinivasan,
15. ,, V. P. C. Thangal,
16. ,, K. M. George and the mover.

The Bill will be reported back in due course.

The motion was put and carried.

The Bill was, referred to a Select Committee.

The Kerala Slum Areas (Improvement and Clearance) Bill, 1964—Motion for reference to Select Committee of—

Minister for Industries & Local Administration (**Shri K. A. Damodara Menon**) : Sir, I move that the Kerala Slum Areas (Improvement and Clearance) Bill, 1964 be referred to a Select Committee consisting of the following Members :

1. Shri M. M. Mathai,
2. ,, T. Krishnan,
3. ,, K. T. Thomas,
4. ,, P. C. Balakrishnan Nambiar,
5. ,, K. Narayana Kurup,
6. ,, K. Anirudhan,
7. Smt. Kusumom,
8. Shri T. K. Ramakrishnan,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദര മേനോൻ]

9. Shri K. Krishna Pillai,
10. ,, M. Chadayan,
11. ,, Joseph Chazhikattu and the mover.

സർ, നമ്മുടെ പട്ടണപ്രദേശങ്ങളിലെ Slum എന്ന പേരിൽ അറിയപ്പെടുന്ന ചേരി പ്രദേശങ്ങൾ വളരെ വൃത്തികേടായി ജീവിതസൗകര്യം തീരെ ഇല്ലാതെയാണു് സ്ഥിതിചെയ്യുന്നതെന്നു എല്ലാവർക്കും അറിവുള്ളതാണു്. ഈ പ്രദേശങ്ങൾ നന്നാക്കി പട്ടണത്തിലെ ജീവിത സൗകര്യങ്ങൾ അവിടെയും ഉണ്ടാക്കി കൊടുക്കുവാൻ കഴിയേണ്ടതു തീർച്ചയായും ആവശ്യമാണു്. വളരെയധികം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പട്ടണങ്ങളിൽ ഇങ്ങനെയുള്ള ചേരി പ്രദേശങ്ങൾ വളരെ വൃത്തികേടായും, ആരോഗ്യത്തിനു ഹാനികരമായും നിലകൊള്ളുന്നതു തീർച്ചയായും നമുക്കു തുടർന്നുകൊണ്ടുപോകുവാൻ സാധിക്കുന്ന ഒരു കാര്യമല്ല. പൊതുജനാരോഗ്യത്തെ പ്രമാണിച്ചും ഈ സ്ഥലങ്ങളിൽ അധിവസിക്കുന്ന ആളുകളുടെ ജീവിത സൗകര്യത്തെ മുന്നിൽ വച്ചുകൊണ്ടും നമുക്കു ആ വൃത്തികേടുകൾ നീക്കേണ്ടതായിട്ടുണ്ടു്. നാമിന്നു ഉന്നംവച്ചു പ്രവർത്തിക്കുന്നതു് ഒരു സോഷ്യലിസ്റ്റു വ്യവസ്ഥ വരുത്തുവാനാണു്. പണക്കാരും പണമില്ലാത്തവരും ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള വ്യത്യാസമില്ലാതാക്കി, സുഖജീവിതം നയിക്കുന്നതിനു ചില ആളുകൾക്കു് സൗകര്യമുണ്ടാകുകയും ചില ആളുകൾക്കു് സൗകര്യമില്ലാതെയുമുള്ള സ്ഥിതിവിശേഷം ഇല്ലാതാക്കി, നമുക്കിവിടെ സാമ്പത്തികമായും, സാമൂഹ്യമായും സമത്വം ഉണ്ടാക്കണമെന്നു നാം തീരുമാനിച്ചിരിക്കുകയാണു്. അങ്ങനെയുള്ള നമ്മുടെ പരിപാടി നടപ്പിലാക്കുമ്പോൾ പട്ടണപ്രദേശങ്ങളിൽ വളരെ വൃത്തികെട്ട സ്ഥലങ്ങളിൽ ഒരു വിഭാഗമാളുകൾ ജീവിത സൗകര്യമില്ലാതെ നരകിച്ചു കഴിയുന്ന ഒരു സ്ഥിതിവിശേഷം വച്ചു പുലർത്തുക മാത്രമല്ല, പട്ടണത്തിൽ അധിവസിക്കുന്ന എല്ലാ ആളുകളുടെയും ആരോഗ്യത്തെ ബാധിക്കുന്ന വൃത്തികേടുകളാണു് ഈ ചേരി പ്രദേശത്തു നാം കാണുന്നതു്. അതു നീക്കം ചെയ്യുവാനാവശ്യമായ എല്ലാ നടപടികളും നമുക്കു സ്വീകരിക്കേണ്ടതായിട്ടുണ്ടു്. സ്വാതന്ത്ര്യലബ്ധിക്കു ശേഷം ചേരി നിർമ്മാർജ്ജനത്തിനുള്ള പരിപാടികൾ എല്ലാ സംസ്ഥാനങ്ങളിലും നടപ്പിൽ വരണമെന്നു് ആഗ്രഹിക്കുകയും, അതിനുള്ള തുക മൂന്നാംപഞ്ചവത്സരപദ്ധതിയിൽ കൊള്ളിക്കുകയും ചെയ്തിട്ടുണ്ടു്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളും ചേരി നിർമ്മാർജനത്തിനുള്ള പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടു്. എങ്കിലും ചേരിനിർമ്മാർജ്ജന പ്രവർത്തനം കേരളത്തെ സംബന്ധിച്ചിടത്തോളം പുരോഗമിച്ചിട്ടുണ്ടെന്നു പറയുക സാദ്ധ്യമല്ല. അതിൽ നാം പരാജയപ്പെട്ടിരിക്കുകയാണു്. നമ്മുടെ പട്ടണ പ്രദേശങ്ങളിലെ ചേരിയില്ലാതാക്കുവാൻ സാധിക്കണമെങ്കിൽ നിയമപരമായ നടപടികളും സ്വീകരിക്കണം. ഇന്നനുഭവത്തിൽ അറിയുന്നതു് ചേരി പ്രദേശത്തുള്ള ആളുകളെ മറ്റു സ്ഥലത്തേക്കു മാറ്റി പാർപ്പിക്കുവാനും, ഈ ചേരി പ്രദേശങ്ങളിൽ കെട്ടിടങ്ങളും ഉണ്ടാക്കുവാനും പ്രയാസമുണ്ടെന്നാണു്. അതിനുള്ള കാരണം ചേരി പ്രദേശത്തെ ആളുകളെ ഒഴിപ്പിക്കുന്നതിനും അവർക്കു് താമസിക്കുവാനുള്ള സ്ഥലമെടുക്കുന്നതിനും ഉള്ള അക്വിസിഷൻ നടപടികളുടെ താമസമാണു്. ആ തടസ്സം തുടരുന്ന കാലത്തോളം നാം ഉദ്ദേശിക്കുന്ന രീതിയിൽ ചേരിപ്രദേശം ഇല്ലാതാക്കുവാൻ സാദ്ധ്യമല്ല. മറ്റൊന്നുള്ളതു്, അക്വയർ ചെയ്യുന്ന സ്ഥലത്തിനു കൊടുക്കേണ്ടിവരുന്ന കാമ്പൻസേഷനാണു്. സ്ഥലത്തിനു പൊന്നും വില കൊടുക്കേണ്ടതായിട്ടുണ്ടു്. അതിനും ഒരു നിയന്ത്രണം ഉണ്ടാകേണ്ടതാവശ്യമാണു്. അതുപോലെതന്നെ ചേരിപ്രദേശങ്ങളിൽ ഇന്നു താമസിച്ചുവരുന്ന ആളുകളുടെ സ്ഥിതിനോക്കിയാൽ അവിടെ താമസിക്കുന്നവർക്കു് ജന്മികൾക്കു കൊടുക്കേണ്ടിവരുന്ന റെന്റും കൊടുക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നു കാണാം. ഇങ്ങനെ പലതരത്തിലുള്ള ബുദ്ധിമുട്ടുകൾ ചേരി നിർമ്മാർജ്ജനത്തിനുണ്ടു്. നാട്ടുകാരുടെ ഇടയിൽതന്നെ ചേരിനിർമ്മാർജ്ജനം അത്യാവശ്യമാണെന്ന ബോധം ഇനിയും ഉണ്ടായി കഴിഞ്ഞിട്ടില്ല. ചേരി പ്രദേശത്തുനിന്നു മാറി താമസിക്കേണ്ടതു് അവരുടെതന്നെ ജീവിതത്തിനു് ആവശ്യമാണു് എന്ന ബോധം ഉണ്ടായിട്ടില്ല. ഈ സ്ഥിതിയിൽ ചേരി നിർമ്മാർജ്ജനം പ്രാഥമികമായി വടപ്പിൽ വരുത്തുന്നതിനു നിയമ നിർമ്മാണം ചെയ്യുവാ

LIBRARY ARCHIVES Kerala Legislative Assembly

നാണു് നാം ഉദ്ദേശിക്കുന്നതു്. ഈ ബിൽ ഇന്നു രൂപീകരിച്ചിരിക്കുന്നതു് കേന്ദ്രഗവണ്മെൻറിന്റെ സ്ലം ഏരിയാസ് ഇംപ്രൂവുമെൻറു് ആൻറു് ക്ലീയറൻസ് ആക്ററിലെ വ്യവസ്ഥകളും ഉൾപ്പെടുത്തിക്കൊണ്ടാണു്. മദിരാശിയിൽ മദ്രാസ് സ്ലം ഏരിയാസ് ഇംപ്രൂവുമെൻറു് ആൻറു് ക്ലീയറൻസ് ആക്ററു് എന്ന ഒരു നിയമമുണ്ടു്. അതിലെ ചില വ്യവസ്ഥകളും നമുക്കു മാർഗ്ഗദർശകമായിത്തീർന്നിട്ടുണ്ടു്. ഈ ബില്ലിലെ വ്യവസ്ഥകളും നിഷ്കർഷമായി പരിശോധിക്കുവാൻ സെലക്ററുകമ്മിററി അംഗങ്ങൾക്കു് സാധിക്കുമെന്നു് ഞാൻ വിശ്വസിക്കുന്നു. സ്ലം ഏരിയാസ് എതാണെന്നു ഡിക്ലെയർ ചെയ്യുന്നതിനുള്ള കാമ്പിറെൻറു് അതാറിട്ടി ആരാണെന്നു ഈ ബില്ലിൽത്തന്നെ പറഞ്ഞിട്ടുണ്ടു്.

"The competent authority" means such officer or authority as the Government may, by notification in the Gazette, appoint as the competent authority for the purposes of this Act'

ഏതെല്ലാം വിധത്തിലുള്ള സ്ഥലങ്ങളാണു് സ്ലം ഏരിയായി ഡിക്ലയർ ചെയ്യേണ്ടതെന്നുള്ളതിനെ സംബന്ധിച്ച വ്യവസ്ഥകളും ഈ ബില്ലിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. അങ്ങനെ ഏതെങ്കിലും സ്ഥലം കാമ്പിറെൻറു് അതാറിട്ടി സ്ലം ഏരിയായി ഡിക്ലയർ ചെയ്താൽ അതിനുശേഷം നടപടികളും സ്വീകരിക്കാവുന്നതാണു്.

The salient features of the Bill are as follows :

1. The competent authority may by notification in the Gazette declare any area to be a slum area.

2. Every building in a slum area should be registered.

3. New Buildings and additions or alterations to buildings in a slum area are prohibited.

4. The competent authority may require execution of works of improvement in a slum area or buildings therein and in default execute the work and recover expenses.

5. The competent authority has powers to order demolition of buildings unfit for human habitation.

6. The competent authority shall have powers to declare any slum area to be a clearance area and to redevelop the clearance area or any part thereof.

7. Government may by notification acquire land for the purpose of improving or developing any slum area or for the purpose of redeveloping any slum clearance area or for the purpose of rehabilitating slum dwellers, on payment of compensation.

8. Tenants in slum areas should not be evicted without the permission of the competent authority.

It has been proposed to declare the Revenue Divisional Officers as competent authorities under this Bill.

9. The powers of appeal against the orders of the competent authority, are proposed to be vested with the Collector.

10. Provision for revision by the Board of Revenue has been proposed in matters falling under Clauses 27 and 35.

ഇതാണു് ചുരുക്കത്തിൽ പറഞ്ഞാൽ ഇതിലുള്ള പ്രധാന വ്യവസ്ഥകളും. ഈ ബില്ലിന്റെ ആവശ്യത്തെപ്പററിയോ, ഉദ്ദേശത്തെപ്പററിയോ ഇവിടെ വിസ്തരിച്ചു പറയേണ്ടയാവശ്യമില്ല. കാരണം ഇതെല്ലാവരും അംഗീകരിക്കുന്ന ഒരു തത്വമാണു്, നമ്മുടെ പട്ടണങ്ങളിൽ പ്രത്യേകിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

തീരപ്രദേശങ്ങളിലുള്ള പട്ടണങ്ങളിലുള്ള ചേരികളും കഴിയുന്നതും വേഗം നിർമ്മാർജ്ജനം ചെയ്യാൻ ഗവണ്മെൻറിനു കഴിയണമെങ്കിൽ ഈ ബില്ലിലെ വ്യവസ്ഥകളും നടപ്പിൽവരുത്തേണ്ടതാണു്. സെലക്ട് കമ്മിറ്റി ബില്ലിലെ വ്യവസ്ഥകളും നിഷ്കർഷമായി പരിശോധിക്കാതിരിക്കുകയില്ല. അതു കൊണ്ടു് ഈ ബിൽ സെലക്ട് കമ്മിറ്റിക്കു് വിട്ടുകൊടുക്കണമെന്നുള്ള എന്റെ പ്രമേയം അവതരിപ്പിച്ചുകൊള്ളുന്നു.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: മുമ്പു് ഒരു ബില്ലിനുള്ള സെലക്ട് കമ്മിറ്റിയിലും എന്റെ പേരു കണ്ടു. ഇതിലും എന്റെ പേരു കാണുന്നു. അതങ്ങു മാറ്റി എന്റെ പാർട്ടിയിലെ മറ്റൊരാളിനെ—ശ്രീ. കുഞ്ഞിരാമൻ നമ്പ്യാരെ—ഉൾപ്പെടുത്തണം.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ: നേരത്തെ ചോദിച്ചിട്ടു് പേരുകൾ നിശ്ചയിക്കുന്നതു നന്നായിരിക്കും.

ശ്രീ. ജോജ്ജു് ജോസഫു് പൊടിപ്പാറ: ഇന്നലെ എടുത്ത ഒരു ലിസ്റ്റു് അനുസരിച്ചാണു് ഇങ്ങനെ വന്നതു്.

Shri K. A. Damodara Menon: May I submit one thing Sir? This was not done intentionally. The mistake can be corrected even now. If Mr. Chazhikkatt suggests any other name, I am prepared to accept that.

ശ്രീ. ജോസഫു് ചാഴിക്കാട്ടു്: ഞാൻ ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാരുടെ പേരു നിർദ്ദേശിക്കുന്നു.

Shri K. A. Damodara Menon: Sir, I accept that.

ശ്രീ. കെ. ഹസ്സൻഗനി: ഈ ബില്ലിന്റെ ഉദ്ദേശത്തോടു ഞാൻ യോജിക്കുന്നു. അതോടൊപ്പം ഇതു നടപ്പിൽ വരുത്തുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഭൂതകാല അനുഭവത്തിൽപ്പെട്ട ചില കാര്യങ്ങളും ഈ അവസരത്തിൽ സൂചിപ്പിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. എല്ലാ പദ്ധതിക്കാലത്തും ചേരി നിർമ്മാർജ്ജനത്തിനു കുറെ തുകകളും കൊള്ളിക്കാറുണ്ടു്. നമ്മുടെ ബഡ്ജറ്റിലും തുക കൊള്ളിക്കാറു സാധാരണയാണു്. പക്ഷെ അങ്ങനെ കൊള്ളിച്ചിട്ടുള്ള തുകകളും ഒരൊറ്റ മുനിസിപ്പാലിറ്റി ഒഴിച്ചു ബാക്കി യാതൊരു മുനിസിപ്പാലിറ്റിയും ഇതുവരെ ചെലവഴിച്ചതായി കാണുന്നില്ല. നമ്മുടെ ഗവണ്മെൻറിന്റെയും സെൻട്രൽ ഗവണ്മെൻറിന്റെയും ഒരുമിച്ചുള്ള അനുമതി ഇക്കാര്യത്തിൽ വേണമെന്നാണു് എനിക്കു തോന്നുന്നതു്. കേന്ദ്രഗവണ്മെൻറിൽ സ്ഥലം അക്വയർ ചെയ്യുന്നതിനും, പ്ലാനും മറ്റും അയച്ചാൽ അതു പാസ്സായിവരാനും വളരെ കാലതാമസം നേരിടുന്നുണ്ടു്. അതിന്റെ വെളിച്ചത്തിലാണു് ഈ ചേരി നിർമ്മാർജ്ജന പദ്ധതി വിജയകരമായി നടത്തിക്കൊണ്ടുപോകാൻ സാധിക്കാതെ വന്നിട്ടുള്ളതു്. ഫോർട്ടുകൊച്ചി പട്ടണത്തിൽ മാത്രമേ പത്തുനൂറു വീടുകളും വയ്ക്കുന്നതിനു സാധിച്ചിട്ടുള്ളു. അവിടെതന്നെ മറ്റു ചില ഭാഗത്തു മുനിസിപ്പാലിറ്റിയുടെ വക സ്ഥലംതന്നെ ഈ ഉദ്ദേശത്തിനായി എടുത്തു പ്രവർത്തനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണെങ്കിലും കേന്ദ്രഗവണ്മെൻറിൽ നിന്നോ ഈ ഗവണ്മെൻറിൽനിന്നോ അതിനുതകത്തക്കവിധത്തിലുള്ള ലോൺ കൊടുത്തിട്ടില്ലെന്നാണു് കാണുന്നതു്. മട്ടാഞ്ചേരി പ്രദേശത്താണെങ്കിൽ മുനിസിപ്പാലിറ്റിയുടെ സ്ഥലം നികത്തിയിട്ടു് ഒരു കൊല്ലത്തോളമായി എന്നു തോന്നുന്നു. എന്നിട്ടും അതു പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനു വളരെയേറെ കാലതാമസം ഗവണ്മെൻറുകളിൽനിന്നുംതന്നെ ഉണ്ടാകുന്നു എന്നുള്ള കാര്യമാണു പ്രധാനമായി സൂചിപ്പിക്കാൻ ഞാനാഗ്രഹിക്കുന്നതു്. ഒരു പ്രദേശം ചേരി നിർമ്മാർജ്ജന പദ്ധതിക്കുവേണ്ടി നീക്കിവച്ചുകഴിഞ്ഞാൽ അവിടെ താമസിക്കുന്നവർക്കു എന്തെങ്കിലും ഇംപ്രൂവ്മെൻറ്സ് അവരുടെ താമസ സ്ഥലങ്ങളിൽ വരുത്താൻ പാടില്ലെന്നു വ്യവസ്ഥയുണ്ടു്. അങ്ങനെയിരിക്കെ അത്തരത്തിൽ ഏതെങ്കിലും സ്ഥലം ഡിക്ലെയർ ചെയ്തശേഷം നാലും അഞ്ചും കൊല്ലം

LIBRARY ARCHIVES Kerala Legislative Assembly

ഒന്നും ചെയ്യാതെ കിടക്കുകയാണെങ്കിൽ മുമ്പുള്ളതിനേക്കാളും വിഷമിച്ച ഒരു പരിതസ്ഥിതി ഉണ്ടാകുമെന്നുള്ളതു് ഒരു വസ്തുതയാണു്. അതു് ഇന്നു പല മുനിസിപ്പാലിറ്റികളിലും കാണുന്നുണ്ടു്. നിയമം മൂലം കർശനമായ നടപടികൾ സ്വീകരിക്കുമ്പോൾ അതു പെട്ടെന്നു നടപ്പിൽവരുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ കൂടി ആരായേണ്ടതുണ്ടു്. പെട്ടൊന്നൊരുദിവസം ഇതിൽ അധികാരം നൽകുന്ന ലോക്കൽ അതാറിറ്റിക്കോ മറ്റൊ ഏതെങ്കിലും സ്ഥലത്തുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതിനുപോലും ഉത്തരവുകൊടുക്കാൻ അധികാരമുണ്ടു്. അവിടെ ഉദ്ദേശിക്കുന്ന പണികൾ ചെയ്യാത്തകാലഘട്ടത്തിൽ കെട്ടിടങ്ങൾ പൊളിച്ചാലുള്ള വിഷമം നാം മനസ്സിലാക്കണം. ഏതെങ്കിലുംതരത്തിൽ ഒരു നിയമനിർമ്മാണത്തിൽ കൂടി ജനങ്ങളുടെ ഇടയിൽ ചില കാര്യങ്ങൾ ഫോഴ്സു ചെയ്യുമ്പോൾ, ആ നിയമനിർമ്മാണത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള സംഗതികൾ ശരിയായ വിധത്തിൽ നടത്തത്തക്കതരത്തിലായിരിക്കണം നാം മുമ്പോട്ടു പോകേണ്ടതു്. അല്ലെങ്കിൽ ജനങ്ങൾക്കു് വളരെ കഷ്ടപ്പാടുകൾ ഉണ്ടാകും. അതു് ഇന്നു് മട്ടാഞ്ചേരിയെ സംബന്ധിച്ചിടത്തോളവും ഫോർട്ടുകൊച്ചിയെ സംബന്ധിച്ചിടത്തോളവും അനുഭവത്തിൽ വന്നിട്ടുള്ള കാര്യമാണു്. ഇപ്പോൾ അവിടെ ചിലർക്കു് ജീവിക്കാൻ ഒരു തിണ്ണപോലും ഇല്ലാത്ത അവസ്ഥ വന്നിട്ടുണ്ടു്. നിയമനിർമ്മാണംമൂലം കർശനമായ നടപടികൾ സ്വീകരിക്കുമ്പോൾ ഏതെല്ലാം രൂപത്തിൽ അവിടെയുള്ളവർക്കു് ഗുണകരമായ അവസ്ഥ ഉണ്ടാക്കാമെന്നുള്ളതിലേക്കു് ഈ അതോറിറ്റിയുടെ ചിന്താഗതി പോകണമെന്നുള്ള കാര്യം മനസ്സിൽ പെടുത്തിയാലും തരക്കേടില്ല. അല്ലെങ്കിൽ ചേരി പ്രദേശമായി പ്രഖ്യാപിച്ചശേഷം, യാതൊന്നും ചെയ്തില്ലെങ്കിൽ അവിടെയുള്ളവർ പഴയതുപോലെതന്നെ പിന്നീടും ജീവിക്കണമെന്നുള്ള സാഹചര്യമാണുണ്ടാവുക. ടൗൺ പ്ലാനിംഗ് സ്കീം പത്തും ഇരുപതും കൊല്ലം മുമ്പു സ്വീകരിച്ചിട്ടുള്ളതു് ഇന്നും ഒന്നും ചെയ്യാതെ കിടക്കുകയാണു്. അതിന്റെ പേരിൽ അവിടെ റോഡുവെട്ടാനോ മതിൽകെട്ടാനോ ഒന്നും പാടില്ലെന്നാണു നിയമം. അങ്ങനെ പത്തും ഇരുപതും കൊല്ലമായി മതിൽ കെട്ടാതേയും മറ്റും സ്ഥലങ്ങൾ കിടപ്പുണ്ടു്. അതുപോലെയാതെ ഈ ചേരിനിർമ്മാർജനത്തേയും വീക്ഷിക്കുന്നതെങ്കിൽ തീർച്ചയായും അതുകൊണ്ടു് ആക്കും ഒരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല. കേന്ദ്രത്തിൽനിന്നും അലോട്ടു ചെയ്തിട്ടുള്ള പണം മുനിസിപ്പാലിറ്റികൾക്കു നൽകാതെ ഈ പ്രവൃത്തി മുമ്പോട്ടുകൊണ്ടുപോകാൻ സാദ്ധ്യമല്ല. മുനിസിപ്പാലിറ്റികൾ ചേരി നിർമ്മാർജനപദ്ധതിയനുസരിച്ചു് വീടുകെട്ടി സാധുക്കൾക്കു് നൽകുകയും അവരിൽനിന്നും ഈടാക്കുന്ന കൂലി മുതലിലേക്കു് വകവയ്ക്കുകയും ചെയ്യുന്നു.....

<u>ശ്രീ. ആർ. ബാലകൃഷ്ണപിള്ള</u> : ഇതെല്ലാം സെലക്ട് കമ്മിറ്റി പരിഗണിക്കാനുള്ള കാര്യമാണോ ; രൂപത്തിൽ വരേണ്ടതല്ലേ ?

<u>ശ്രീ. കെ. ഹസ്സൻഖനി</u> : ആക്ടിൽ വരേണ്ടതുമുണ്ടു്. ഇങ്ങനെയുള്ള കാര്യങ്ങൾ കൃത്യമായി ചെയ്തില്ലെങ്കിൽ വരാൻപോകുന്ന വിഷമതകളെപ്പറ്റി സൂചിപ്പിക്കുകയാണു ചെയ്തതു്. ഈ ബിൽ വളരെ ആവശ്യമാണെന്നു സമ്മതിക്കുന്നു. അതേയവസരത്തിൽ ഇതിന്റെ പ്രവർത്തനങ്ങൾ ഏതു രൂപത്തിലായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചിടത്തോളം ചില വ്യത്യാസങ്ങൾ വരുത്തേണ്ടതുണ്ടു്. വീടു പൊളിപ്പിക്കുന്നകാര്യം, അതുപോലെതന്നെ വീട്ടിൽ അഡീഷൻ ഉണ്ടാക്കാൻ പാടില്ലെന്നു വരിക ഇതെല്ലാം ഉണ്ടെങ്കിൽ ചുരുങ്ങിയ ഒരു കാലഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കണം. അല്ലെങ്കിൽ വളരെ വിഷമതകൾ ഉണ്ടാകാനിടയുണ്ടു്. ഈ വക കാര്യങ്ങൾക്കു് ഭൂമി ലഭിക്കും. പക്ഷേ അതിനു കൊടുക്കേണ്ട പണം ഇല്ലാത്ത വിഷമമാണു മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ഉള്ളതു്. ആ വിഷമം ഇല്ലാതാകുന്നവിധത്തിൽ പ്രവർത്തിക്കണം. അതിനുവേണ്ട മാറ്റങ്ങൾ ചില വകുപ്പുകളിൽ വരുത്തണമെന്നുമാത്രമേ എനിക്കു് ഈ അവസരത്തിൽ പ്രസ്താവിക്കാനുള്ളൂ.

Shri P. Balachandra Menon : Sir, it is good that we are seriously considering the improvement of the slum areas in the cities.

LIBRARY ARCHIVES Kerala Legislative Assembly

[Shri P. Balachandra Menon]

Most of these slums are created when new industries spring up in these cities. And it is definite that as we industrialise, there will be greater and greater slums in most of our cities. This has been the experience all over the world.

Whenever an area has become industrialised, along with it in the great towns and in the beautiful cities, we have seen slum areas also developing. The landlords in these slum areas get the maximum possible rent from the workers and the low-income people who occupy the small thatched huts in those areas. That is why they are perpetuating these slum areas. If you have three hundred rupees you are in a position to construct a thatched house. You can lease it to ten people and from each you are able to get ten rupees as rent. Thus, you will get about hundred rupees as rent where an investment of about only three hundred to five hundred rupees is made. This is what is happening. The workers and low-income people are mostly occupying these places because they cannot go far away from the town. They want to be very near to their working place and, therefore they occupy these houses, however miserable they are and pay heavy rents. Now, if these people are to be removed to some other areas, what will happen is, they will have to spend much more money to reach their working spots. Therefore, they would prefer either to become a pavement dweller or to create another slum near the very slum which has been cleared. This is what is happening all over India. Whenever a slum clearance has been effected, you can very well see in the neighbourhood another slum springing up. Why is this happening ? I would like to submit that the Select Committee should bestow particular attention on this matter. Whenever a slum area is to be cleared, that area should be immediately made into an industrial housing area. That is the possible solution to this problem. Unless we do it, new slums will be created in other areas. These places should not be made into mere residential areas for high income people. They can very well go outside the city. They have got other conveniences ; they can go by bus ; some of them might have cars. So, the idea is, when a slum is being cleared, that place should actually be given to the very people who occupied that area. That should definitely be made clear. Otherwise, if they are sent out, it would mean a cut in their income. If they do not go out of the city, they will construct other slums. The very landlords in the neighbouring areas will certainly construct sheds; their big compounds will be changed into another slum area ; they will construct sheds and ask the people to occupy them. The maximum interest that can be got in the shape of rent, would be out of slums. If you have a good house, you will get at the most hundred rupees rent from the tenant. If you spend as much money and create a slum you will get about four thousand to five thousand rupees. The capital required is only the same. No pucca structure is needed and in every small room you can put a family and get the rent. So, if the idea is to compensate the very people who have created these slums for their anti-social activities by paying sixty times of the rent that they are receiving today, it means, you are encouraging the very anti-social activities of those people. They should not be allowed to get a heavy compensation. When

LIBRARY ARCHIVES Kerala Legislative Assembly

these slum areas are taken up, some nominal compensation need be given. The slums were created by those people; tell them that they would never be compensated. If they are compensated, it should be only a nominal compensation. It should never be sixty times the rent that they are collecting, because they were collecting the maximum rent from the slum dwellers. The second thing is that after clearing this area the dwellings should be given only to the workers and other low income groups. There need not be any beautiful housing sites for those slum areas.

The Third thing is that new slums should not be allowed to be created in other places. The slums are there and the landlords are usually leasing out these areas to the workers to build their houses and this is linked up with the industrial housing scheme. Slum clearance is very closely connected with the industrial housing scheme. In Kerala the Industrial Housing Scheme has proved a failure, because all through we are providing houses only outside. The workers should be provided as far as possible the same sites. When a particular site is declared as a slum area and steps are taken for clearance, alternate sites should not be far away, because it will affect their wages. I, therefore, suggest in this Bill that a drastic outlook has to be taken. It should not be with a view to compensating the landlords and the others who create slums. Today it is so. That should be changed and it should be made clear in this Bill that the slum dwellers will be the first beneficiaries. Unless you have got a clear understanding for compensation, etc. you will be creating new slum dwellers. That is what is happening all over India and the same situation will be created in Kerala also.

[12 Noon]

ശ്രീ. കെ. കെ. വിശ്വനാഥൻ: സർ, ഈ ബിൽ വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണു്. ഈ ബിൽ ഈ സഭയിൽ കൊണ്ടുവന്ന ഗവണ്മെൻറിനെ ഞാൻ അഭിനന്ദിക്കുകയാണു്. നമ്മുടെ രാജ്യത്തെ പട്ടണങ്ങളിൽ ഇന്നു പല സ്ഥലങ്ങളിലും നിരവധി ചേരികളുണ്ടു്. ആ ചേരികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനു യാതൊരുവിധ നടപടിയും ഇതുവരെയും സ്വീകരിച്ചിട്ടില്ല. അതിനാവശ്യമായ നിയമനിർമ്മാണവും നമ്മുടെ രാജ്യത്തു ഇതുവരെ ഉണ്ടായിരുന്നില്ല. ഇപ്പോഴെങ്കിലും ഇതുപോലെ ഒരു നിയമനിർമ്മാണമുണ്ടായിക്കഴിഞ്ഞാൽ നമുക്കു പല പട്ടണങ്ങളിലും ഇന്നു കാണുന്ന ചേരികളെ നിർമ്മാർജ്ജനം ചെയ്യുന്നതിനു സഹായകരമായ ഒരു നില വന്നുചേരും. ഇന്നു് പട്ടണങ്ങളിലും മുൻസിപ്പാലിറ്റികളിലും കാർപ്പറേഷനുകളിലും എല്ലാംതന്നെ ചേരിനിർമ്മാർജ്ജനം വേണമെന്നുവച്ചു കഴിഞ്ഞാൽ പല കാരണങ്ങളാലും അവയ്ക്കു അതു ചെയ്യാൻ കഴിവില്ലാത്ത ഒരു നിലയാണുള്ളതു്. നിയമപ്രകാരം അവയ്ക്കു ഒന്നും ചെയ്യാൻ സാദ്ധ്യമല്ല. സാധാരണയായി ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി പ്രവർത്തിക്കേണ്ട മുനിസിപ്പൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണു്. പക്ഷെ ഈ ബില്ലിൽ അതിനുള്ള അധികാരം ഒരു അതോറിറ്റിക്കാണു്. ഈ കംമ്പീറ്റൻറ് അതോറിറ്റി ആരാണെന്നു ഗവണ്മെൻറ് പിന്നീടു നിശ്ചയിക്കണമെന്നാണു് പറയുന്നതു്. ഇപ്പോഴുള്ളതുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു ഈ അധികാരം കൊടുക്കുന്നതു നല്ലതല്ലേ എന്നുള്ള സംശയം സെലക്ട് കമ്മിറ്റി പരിശോധിക്കേണ്ടതാണു്. അതു് കൊടുക്കുന്നതു കൊണ്ടു് വിരോധമില്ലെന്നാണെനിക്കു തോന്നുന്നതു്. പ്രത്യേകമായ ഒരു അതോറിറ്റിയേ ഗവണ്മെൻറ് നിശ്ചയിക്കുന്നതിനു പകരം ഇന്നുള്ള മുനിസിപ്പാലിറ്റികളും കാർപ്പറേഷനും അതു നടത്തുന്നതിനു അധികാരം കൊടുക്കേണ്ടതും അതു അവർ ചെയ്യാത്ത ഘട്ടങ്ങളിൽ ഗവണ്മെൻറിനു നേരിട്ടു പ്രവർത്തിക്കാനുള്ള സൗകര്യം കൊടുക്കുകയും ചെയ്യുന്നതാണു് നല്ലതെന്നു എനിക്കു തോന്നുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ]

സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ചേരികളും ധാരാളം ഉണ്ടാകുന്നതു വ്യവസായവൽക്കരണംകൊണ്ടും ജനപ്പെരുപ്പം കൊണ്ടുമാണു്. മറ്റു രാജ്യങ്ങളെ അപേക്ഷിച്ചു കൂടുതൽ ജനപ്പെരുപ്പം ഉള്ള ഒരു രാജ്യമാണു് ഇൻഡ്യാ. അതിൽ ഏറ്റവും ജനസംഖ്യ കൂടുതലുള്ള രാജ്യമാണു് കേരളം. അതുകൊണ്ടു് സ്വാഭാവികമായി കേരളത്തിൽ ഇതുപോലെ ഒരു നിയമം കൊണ്ടുവരേണ്ടതു ഏറ്റവും ആവശ്യമാണു്. ഇവിടെയുള്ളതുപോലെ ചേരികളും മറ്റു സംസ്ഥാനങ്ങളിലുണ്ടോ എന്നു സംശയമാണു്. ഓരോ പട്ടണവും ഓരോ ചേരിയാണു്. അതുകൊണ്ടു ഈ പ്രവർത്തനത്തിനാവശ്യമായ എല്ലാംതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു് വിട്ടുകൊടുക്കുന്ന നിലയിൽ നിയമം ഭേദഗതി വരുത്തുന്നതു നല്ലതാണെന്നു എനിക്കു തോന്നുന്നു.

സർ, ചേരികളും നിർമ്മാജ്ജനംചെയ്യുക എന്നുള്ളതല്ലാതെ പുതിയ ചേരികളും ഉണ്ടാകുന്നതു തടസ്സപ്പെടുത്തുന്ന യാതൊന്നും തന്നെ ഇതിൽ കാണുന്നില്ല. ഇംഗ്ലണ്ടിലെ ഹൗസിംഗ് ആക്ടിന്റെ അനുസരിച്ചുള്ള ഒരു സ്റ്റീമിന്റെ മാതൃകമുന്നിൽ കണ്ടുകൊണ്ടാണു് ഈ നിർമ്മാജ്ജനം നടത്തുന്നതു്. ഇംഗ്ലണ്ടിലെ നിയമത്തിൽ ഓവർ ക്രൗഡിംഗ് ഇല്ലാതാക്കുന്നതിനു വ്യവസ്ഥകളുണ്ടു്. എന്നാൽ ഇവിടെ ചേരികളും നിർമ്മാജ്ജനം ചെയ്യുന്ന കാര്യങ്ങളുമാത്രമേ ആലോചിക്കുന്നുള്ളു. പുതിയതായി വരുന്ന ചേരികളും എങ്ങനെ ഇല്ലാതാക്കണം ഓവർ ക്രൗഡിംഗ് എങ്ങനെ ഇല്ലാതാക്കണം എന്നൊക്കെ ആലോചിക്കേണ്ടതുണ്ടു്. ഓരോ വീട്ടിലും എത്ര ആളുകളെ താമസിപ്പിക്കാൻ കഴിയും, കൂടുതലാളുകളും ഉണ്ടെങ്കിൽ എന്തു ചെയ്യണം എന്നും ആലോചിക്കേണ്ടതുണ്ടു്. അതു ചെയ്യാതെകണ്ടു ചേരിനിർമ്മാജ്ജനം നടത്താൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഒരു സ്ഥലത്തു ചേരിനിർമ്മാജ്ജനം നടത്തുമ്പോൾ, മറ്റൊരു സ്ഥലത്തു ചേരി ഉണ്ടായി വരികയാണു്. അതു തടയുന്നതിനു ഈ നിയമംകൊണ്ടു് സാധിച്ചില്ലെങ്കിൽ മറ്റൊരു നിയമം ഉണ്ടാക്കണം.

സർ, അതിനു ഏറ്റവും ആവശ്യമായി സ്വീകരിക്കേണ്ട ഒരു സമീപനം ഇതിൽ കാണുന്നില്ല. ചേരി പൊളിച്ചുനീക്കി സ്ഥലം രണ്ടാമതു് റീഡെവലപ്പ് ചെയ്യണമെന്നു് പറയുന്നുണ്ടു്. അപ്പോൾ ആ സ്ഥലം വീണ്ടും അവർക്കു താമസിക്കാൻ കിട്ടുമോ എന്നു ബിൽ വായിച്ചുനോക്കിയാൽ മനസ്സിലാക്കാൻ കഴിയുന്നില്ല.

മറ്റൊന്നു് ഇതു് റീഡെവലപ്പ് ചെയ്യുന്നതിനുവേണ്ടി കെട്ടിടങ്ങളും പൊളിച്ചാൽ അതിൽ താമസിക്കുന്ന ആളുകളെ തൽക്കാലം എവിടെ താമസിപ്പിക്കും എന്ന ഈ നിയമത്തിൽ വ്യക്തമായി ഒന്നും പറയുന്നില്ല. സർ, അതാണു് ഏറ്റവും കാര്യമായി ചിന്തിക്കേണ്ടതു്. ഇംഗ്ലണ്ടിലെ ഹൗസിംഗ് ആക്ടിൽ അങ്ങനെ ഡിസ്പ്ലേസ്ഡ് ആയിട്ടുള്ളവർക്കു് ചില അലവൻസ് കൊടുക്കുന്നതിനുള്ള വ്യവസ്ഥകളുണ്ടു്. അവർക്കു അവിടെനിന്നും മാറിപ്പോകുന്നതിനും മറ്റൊരിടത്തെങ്കിലും താമസിക്കുന്നതിനുമുള്ള വ്യവസ്ഥകളാണു് അതിലുള്ളതു്. അതുകൂടാതെ മറ്റു ടെയിഡുകളിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾക്കു് ഒരു പ്രത്യേക അലവൻസ് കൊടുക്കുന്ന വ്യവസ്ഥയും അതിലുണ്ടു്. അവർക്കു മറ്റെന്തെങ്കിലും സ്ഥലം ഏർപ്പെടുത്തി കൊടുക്കുകയും ചെയ്യുന്നതാണു്. ഈ പ്രശ്നം വളരെ കാര്യമായ നിലയിൽ കൈകാര്യം ചെയ്യേണ്ടതാണു്. ഇവിടെ ചേരിയിൽ താമസിക്കുന്ന ആളുകളെല്ലാം വളരെ അധികം ദാരിദ്ര്യം അനുഭവിച്ചു താമസിക്കുന്നവരാണു്. അങ്ങനെയുള്ള ആളുകളെ ചേരിനിർമ്മാജ്ജനത്തിന്റെ പേരിൽ അവിടെനിന്നും മാറ്റപ്പെടുകയാണെങ്കിൽ അവർ മറ്റെവിടെയെങ്കിലുംപോയി കയ്യേറി ചേരികളും ഉണ്ടാക്കുക എന്നുള്ളതല്ലാതെ മറ്റു മാർഗ്ഗമില്ലെന്നുവരും. അതുകൊണ്ടു് ഏറ്റവും പ്രധാനമായ ഒരു വ്യവസ്ഥ വേണ്ടതു് ഏതെങ്കിലും ഒരു സ്ഥലം സ്ലംക്ലിയറൻസ് ഏരിയാ ആണെന്നു ഡിക്ലയർ ചെയ്തുകഴിഞ്ഞാൽ അവിടെ താമസിക്കുന്ന ആളുകളെ മുൻകൂട്ടി താമസിപ്പിക്കാനുള്ള ഏർപ്പാടുകളും നിശ്ചയിക്കണം. ഡെൽഹിയിൽ സ്ലം ഏരിയാ ക്ലിയറൻസിനായി അവർക്കു താൽക്കാലികമായ ടാൻസിറ്റു ക്യാമ്പുകളും ഉണ്ടാ

LIBRARY ARCHIVES Kerala Legislative Assembly

ക്കിയിരുന്നു. അതുപോലെ ടോൻസിറ്റ് ക്യാമ്പുകളും ഉണ്ടാക്കണം. ഇതിൽ ആ വ്യവസ്ഥകളൊന്നും കാണുന്നില്ല.

ഏതെങ്കിലും ചേരി നിർമ്മാജ്ജനം നടത്തുന്നതിനുമുൻപു്, അതിനു് അകലെ മറ്റെവിടെയെങ്കിലും പുതുതായി സ്ഥലം അക്വയർ ചെയ്തു്, പ്ലാൻ അനുസരിച്ചു് വീടുകളുണ്ടാക്കി ആദ്യംതന്നെ ആളുകളെ താമസിപ്പിക്കുന്നതിനുള്ള ഒരു സമീപനം ഈ കാര്യത്തിൽ സ്വീകരിക്കേണ്ടതു് വളരെ ആവശ്യമാണെന്നു എനിക്കു തോന്നുന്നു. അതു കുറെക്കൂടി പ്രായോഗികമായിരിക്കും. നമ്മുടെ പട്ടണങ്ങളിൽ ചേരികളും അക്വയർചെയ്തു നന്നാക്കാൻ ശ്രമിക്കുന്നതിനേക്കാളും കുറേകൂടി സുകരമായിട്ടുള്ളതു്, അവിടെനിന്നു കുറേ അകലെ എവിടെയെങ്കിലും പുതിയതായി സ്ഥലം കണ്ടുപിടിച്ചു് ആ സ്ഥലം അക്വയർചെയ്തു അവിടെ ചെറിയ ചെറിയ വീടുകളും പണിയിക്കുകയും, മാറ്റപ്പെടുന്ന ആളുകളെ അങ്ങോട്ടു മാറ്റി താമസിപ്പിക്കുകയും ചെയ്യുന്നതായിരിക്കും. കാരണം, പട്ടണമദ്ധ്യത്തു ചേരി സ്ഥലം അക്വയർ ചെയ്യാൻ നേരിടുന്ന ചെലവും ധനനഷ്ടവും താങ്ങാൻ ആവാത്തതാണു്. അതു ഗവണ്മെൻറിനോ, ഇതിനു് മുതലു വഹിക്കുന്ന ബോറിട്ടികൾക്കോ സാധിച്ചു എന്നു വരികയില്ല. അതിനേക്കാളും എത്രയോ വില കുറഞ്ഞ സ്ഥലം അകലെ എവിടെയെങ്കിലും കിട്ടും. അത്തരം സ്ഥലംനോക്കി അക്വയർചെയ്തു അവിടെ വീടുകളും ഉണ്ടാക്കി ആളുകളെ അങ്ങോട്ടു മാറ്റി താമസിപ്പിച്ചാൽ സ്വാഭാവികമായി ചേരി നിർമ്മാജ്ജന നടപടി എളുപ്പത്തിൽ നിർവഹിക്കുന്നതിനു ഗവണ്മെൻറിനോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കോ സാധിക്കുന്നതാണു്. അങ്ങനെ ചെയ്യുന്നതിനുള്ള ഒരു സമീപനം ഇതിനകത്തു കാണുന്നില്ല. സർ, ഇതിനകത്തൊരു മാനുഷിക പ്രശ്നമുണ്ടു്. ചേരികളിൽ താമസിക്കുന്നവർ എന്തെങ്കിലും തൊഴിൽചെയ്തു കഴിയുന്നവരായിരിക്കും. ഭൂരിഭാഗംപേരും ഏതെങ്കിലും തൊഴിലിനെ ചുറ്റിപ്പറ്റി താമസിക്കുന്നവരായിരിക്കും. അവർ മറ്റെവിടെയെങ്കിലും പോയി താമസിക്കണമെന്നു പറഞ്ഞാൽ അവർ വൈമനസ്യം പ്രകടിപ്പിക്കുന്നതു് സ്വാഭാവികമാണു്. അതുകൊണ്ടു് ഈ പ്രശ്നത്തെ സമീപിക്കുന്ന അവസരത്തിൽ ഇതൊരു മാനുഷിക പ്രശ്നമാണെന്നുള്ള നിലയിൽ സമീപിക്കണമെന്നാണു് ഇതു സംബന്ധിച്ച ഒരു കമ്മിറ്റി റിപ്പോർട്ടിൽ പ്രത്യേകം എടുത്തു പറയുന്നതു്. ഓരോ ചേരിയെ സംബന്ധിച്ചും ഒരു സർവ്വേ നടത്തി, ഓരോ തരത്തിൽപ്പെട്ട ആളുകളെ വേർതിരിച്ചു്, ആ ആളുകളെ പ്രത്യേകം മാറ്റി പുനരധിവസിപ്പിക്കണമെന്നാണു് കമ്മിറ്റി റിപ്പോർട്ടിൽ പറയുന്നതു്. ഏതാണ്ടു ഒരേ തരത്തിലുള്ള തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളെ പ്രത്യേകസ്ഥലത്തു പ്ലാൻചെയ്തു ആ തൊഴിൽ സൗകര്യങ്ങളും ഉണ്ടാകത്തക്കവിധത്തിൽ കുടിയിരുത്താനുള്ള സൗകര്യങ്ങളും കൊടുത്തില്ലെങ്കിൽ ചേരി നിർമ്മാജ്ജനംകൊണ്ടു് വളരെയധികം ആളുകൾക്കു് കഷ്ടപ്പാടുകളും വന്നുചേരുകയായിരിക്കും ചെയ്യുന്നതു്. ആ നിലകൂടി മനസ്സിലാക്കിക്കൊണ്ടു്, ഇതൊരു മാനുഷിക പ്രശ്നമാണെന്നുള്ള നിലയിൽ ഒരു സമീപനം സ്വീകരിക്കണമെന്നു കമ്മിറ്റി പ്രത്യേകം എടുത്തു പറഞ്ഞിട്ടുണ്ടു്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിൻറെ ഫാർവേഡിൽ പ്രധാനമന്ത്രി ഈ വക കാര്യങ്ങളും ഊന്നിപ്പറഞ്ഞിട്ടുണ്ടു്. അതിൽ ഒന്നുരണ്ടു കാര്യങ്ങളും ഞാൻ ഇവിടെ വായിക്കാം:

'Slums of Old Delhi - A survey report by B. S. S. Delhi Pradesh'.
"But the real difficulty is the lack of accommodation for those who live in the slum areas at present. We have to provide housing for them before we can ask them to vacate. When we try to do this, those very people, whom we seek to benefit raise difficulties and are reluctant to move. This is to some extent understandable for their lives and work have revolved near that area and to take them far away means to uproot them from their work. Also whatever new accommodation might be provided is likely to have a higher rent, even though it might be subsidised".

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. കെ. വിശ്വനാഥൻ

ഇങ്ങനെയൊരു പ്രശ്നത്തെ സമീപിക്കുന്ന അവസരത്തിൽ, തൊഴിൽ നഷ്ടപ്പെടാൻ ഇടയുള്ളതുകൊണ്ടാണ് തൊഴിലിനുള്ള സൗകര്യംകൂടി കിട്ടത്തക്ക വിധം ആളുകളെ മറ്റൊരു സ്ഥലത്തേക്ക് കുടിപാർപ്പിച്ചതിനുശേഷം സ്ലം എരിയാ റീ ഡവലപ്പുചെയ്യുന്ന പരിപാടി സ്വീകരിക്കണമെന്നാണ് പ്രധാനമായി ആ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. അതിനു സഹായകമായയാതൊരു വ്യവസ്ഥയും ഈ ബില്ലിൽ കാണുന്നില്ല. അതുകൊണ്ട് സെലക്ട് കമ്മിറ്റി ഇതു പ്രത്യേകം പരിഗണിക്കേണ്ടതു ആവശ്യമാണെന്നാണ് ഞാൻ കരുതുന്നത്. പ്രത്യേകിച്ച് നമ്മുടെ രാജ്യത്തു വളരെ അധികം ആളുകൾ കുറഞ്ഞ വരുമാനമുള്ളവരും, താമസിക്കാൻ വേറെ സൗകര്യമില്ലാത്തവരും ആണ്. ഭൂമി വളരെ കുറവായതുകൊണ്ടും ഈ പ്രശ്നം ഈ സംസ്ഥാനത്തെ പ്രത്യേകം ബാധിക്കുമെന്നുമുള്ള നിലയിൽ കമ്മിറ്റി ഇതു പരിഗണിക്കേണ്ടതാണെന്നാണ് എനിക്കു പറയാനുള്ളത്.

ശ്രീ. എൻ. ഈ. ബലറാം : സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കുമെന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. സെലക്ട് കമ്മിറ്റിയുടെ ശ്രദ്ധയിൽ ചില കാര്യങ്ങൾ പെടുത്തണമെന്നു ഞാൻ ആഗ്രഹിക്കുകയാണ്. ഈ നിലയിൽ ഇതു പാസ്സാക്കുകയാണെങ്കിൽ, വളരെ ഉപദ്രവം പിടിച്ച ഒരു ബില്ലായിട്ടാണ് എനിക്കു തോന്നുന്നത്. നല്ല ഉദ്ദേശത്തോടുകൂടി ഒരു സംരംഭത്തിനു നാം പുറപ്പെടുമ്പോൾ, ആവശ്യമുള്ള എല്ലാ സൗകര്യവും ചെയ്തുകൊടുക്കുന്നില്ലെങ്കിൽ വളരെയേറെ കുഴപ്പങ്ങൾ പിന്നീട് ഉണ്ടാകും. അതു വരാതെ സൂക്ഷിക്കാൻ ചില കാര്യങ്ങൾ സെലക്ട് കമ്മിറ്റിയുടെ ശ്രദ്ധയിൽ പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. അതിൽ ചില കാര്യങ്ങളെപ്പറ്റി എനിക്കു മുൻപു പ്രസംഗിച്ച സുഹൃത്തുക്കൾ പറഞ്ഞു കഴിഞ്ഞു. നമ്മുടെ പട്ടണങ്ങളിൽ പലയിടത്തും ചേരികൾ ഉണ്ട്. ആ ചേരികൾ നിർമ്മാർജ്ജനംചെയ്ത് ആരോഗ്യപ്രദമായ സ്ഥലങ്ങളാക്കി മാറ്റി, താമസസൗകര്യമുള്ള കെട്ടിടങ്ങൾ ഉണ്ടാക്കി ആളുകളെ താമസിപ്പിക്കേണ്ടതു ഏറ്റവും ആവശ്യമാണ്. അതിനുള്ള സംരംഭം അഭിനന്ദനാർഹമാണ്. പക്ഷെ, അങ്ങനെയൊരു സംരംഭത്തിനു നാം പുറപ്പെടുമ്പോൾ എനിക്കു മുൻപു പ്രസംഗിച്ച ശ്രീ. കെ. കെ. വിശ്വനാഥൻ പറഞ്ഞമാതിരി, പ്രധാനപ്പെട്ട ഒന്നുരണ്ടു കാര്യങ്ങൾക്കു ഉറപ്പു നൽകേണ്ടതു അത്യാവശ്യമാണ്. അദ്ദേഹം പറഞ്ഞ രണ്ടു കാര്യങ്ങളും ശരിയാണ്. ഒന്നാമതു്, ചേരിപ്രദേശങ്ങളിൽ താമസിക്കുന്നവർ മിക്കവാറും മുനിസിപ്പൽ തൊഴിലാളികളോ, കൈത്തൊഴിലോ, കാർഷികവൃത്തിയോചെയ്തു ജീവിക്കുന്നവരോ ആയ പാവപ്പെട്ടവരായിരിക്കും. അവരെ അവിടെനിന്നു മാറ്റി താമസിപ്പിക്കുമ്പോൾ വേറെ വീട് കാണുകയില്ല. ചേരിനിർമ്മാർജ്ജനം ആവശ്യമായി വരുന്ന പല പ്രദേശങ്ങളും, തലശ്ശേരി, കണ്ണൂർ, കോഴിക്കോട് മുതലായ മുനിസിപ്പാലിറ്റികളുടെ കീഴിലുള്ള പല ചേരിപ്രദേശങ്ങളും, കുടിപാർപ്പിനു് യാതൊരു സൗകര്യവുമില്ലാത്തതായിരിക്കും. ശുദ്ധജലസൗകര്യമോ മറ്റു പരിസരശുദ്ധിയോ ഒന്നും ഉണ്ടായിരിക്കുകയില്ല. പട്ടണത്തിൽ അങ്ങനെ കിടക്കുന്ന ഏതെങ്കിലും സ്ഥലം ചേരിപ്രദേശമായി ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ പ്രഖ്യാപിച്ചാൽ, തീർച്ചയായി അതു ചേരിനിർമ്മാർജ്ജനത്തിനു് ഒഴിഞ്ഞുകൊടുക്കേണ്ടതായി വരും. അങ്ങനെ ഒഴിപ്പിക്കപ്പെടുന്നവർക്കു് ഒഴിഞ്ഞുപോകുമ്പോൾ വേറെ താമസിക്കാൻ സൗകര്യം ഉണ്ടാക്കികൊടുക്കുകയും, ചേരിനിർമ്മാർജ്ജനത്തിനുശേഷം അതേ സ്ഥലത്തുതന്നെ അവരെ താമസിപ്പിക്കാൻ വ്യവസ്ഥ ചെയ്യുകയുംചെയ്യേണ്ടതാണ്. വാസ്തവത്തിൽ പട്ടണത്തിൽ പല ആളുകളും ഇന്നു കെട്ടിടങ്ങൾ ഉണ്ടാക്കാൻ സൗകര്യമില്ലാതെ കൈയിൽ പണവുംകെട്ടിപിടിച്ചിരിപ്പുണ്ട്. അവർക്കു് പലർക്കും താണ സ്ഥലങ്ങൾ അവിടവിടെ ഉണ്ടായിരിക്കും. അതിൽ കുടികിടപ്പുകാർ ഉള്ളവരെ മാറ്റാൻ സൗകര്യമില്ലാതെ വിഷമിക്കുകയായിരിക്കും. ആ കുടികിടപ്പുകാരെ ഒഴിപ്പിച്ചാൽ നല്ല കെട്ടിടങ്ങൾ ഉണ്ടാക്കി, കൂടിയ വാടകയ്ക്കു് കൊടുക്കാൻ അവർ കാത്തിരിക്കുകയായിരിക്കും. അങ്ങനെയുള്ളവർക്കു ഈ നിയമം ഒരനുഗ്രഹമായിത്തീരാൻ ഇടയുണ്ട്. സ്ലം ഏരിയായായി പ്രഖ്യാപിക്കുന്ന സ്ഥലം—ഗവണ്മെന്റു നിശ്ചയിക്കുന്ന ആളായിരിക്കും ഇതിന്റെ അതാറിട്ടി—ഇതു വായിച്ചുനോക്കിയിട്ടു മുനിസിപ്പാലിറ്റിയോ, കോർപ്പറേഷനോ അതിനുള്ള അധികാരം കൊടുത്തിരിക്കുന്നതാ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യിട്ടാണ കാണുന്നത്—ആ സ്ഥലം കൂടികിടപ്പുകാര ഒഴിഞ്ഞുകൊടുക്കേണ്ടി വരും. അങ്ങനെയൊരു ഭാഗം സ്ലം ഏരിയാ ആയി അതാറിട്ടി പ്രഖ്യപിച്ചാൽ, കുടിയാന്മാക്ക താമസിക്കുന്നതിനുള്ള സഹകര്യം നൽകേണ്ടതാണു്. ഇതിലെ 22—ാമത്തെ വകുപ്പു വായിച്ചാൽ സംശയം വർദ്ധിക്കുകയേയുള്ളു. ഒഴിഞ്ഞു പോകുന്ന സ്ഥലം ചേരിനിർമ്മാർജ്ജനത്തിനശേഷം അവക്ക തന്നെ കൊടുത്തു കൊള്ളണമെന്നു പറയുന്നില്ല. ചേരിനിർമ്മാർജ്ജനം കഴിഞ്ഞു് അവിടെ ഉണ്ടാക്കുന്ന കെട്ടിടങ്ങളം, ഒഴിപ്പിക്കപ്പെട്ടവരെ തന്നെ താമസിപ്പിക്കാൻ ഉപയോഗിക്കണമെന്നു പറയുന്നില്ല. പുതിയ വീടുകളം സഹകാര്യ ആവശ്യങ്ങൾക്കു വിനിയോഗിക്കാം, ഗവണ്മെൻറിനു തോന്നുന്ന മറേറതെങ്കിലും ആവശ്യത്തിനു് ഉപയോഗിക്കാം. സ്ലം ക്ലിയറൻസു നടത്തുമ്പോൾ കുടികിടപ്പുകാരെഒഴിപ്പിക്കാൻ അധികാരം കൊടുത്തിട്ടുണ്ടു് 22—ാമത്തെ വകുപ്പിൽ ഇന്നയിന്ന ആവശ്യങ്ങൾക്കു ആ കെട്ടിടങ്ങൾ ഉപയോഗിക്കാം എന്നു പറയുന്നതുകൊണ്ടു് യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്ന ഫലം ഈ നിയമംമൂലം ഉണ്ടാകുകയില്ലെന്നു മാത്രമല്ല, വിപരീതമായി ചിലപ്പോൾ കുടികിടപ്പുകാരെ ബാധിക്കുകയും ചെയ്യും. ഈ കാര്യം ബഹുമാനപ്പെട്ട മന്ത്രിയും, സെലക്ടുകമ്മിറ്റിയും പ്രത്യേകം പരിശോധിക്കേണ്ടതാണു്. ഒഴിഞ്ഞുപോകുമ്പോൾ, അവക്ക താമസിക്കാൻ പ്രത്യേകം സ്ഥലം ഉണ്ടാക്കിക്കൊടുക്കുകയും, പുതിയ കെട്ടിടങ്ങൾ ഉണ്ടാക്കിക്കഴിഞ്ഞാൽ, ചുരുങ്ങിയ വാടകയ്ക്കു അവരെത്തന്നെ അവിടെ താമസിപ്പിക്കാൻ വ്യവസ്ഥ ചെയ്യുകയും വേണം. അങ്ങനെ ഉറപ്പു നൽകുന്ന വ്യവസ്ഥകളം ഒന്നും ഇതിലില്ല. വളരെയധികം പണം ബാങ്കുകളിൽ നിക്ഷേപിച്ചിട്ടു്, നിവൃത്തിയില്ലാതെ കാത്തിരിക്കുന്ന ആളുകൾക്കു് ഒരു സൗകര്യമായിരിക്കും ഈ നിയമത്തിലെ ചില വകുപ്പുകളം. ആ നിലയിൽ ഇതിനെ പരിഗണിക്കാതെ, ഒരു മാനുഷിക പ്രശ്നമെന്നനിലയിൽ കാണാനും, സെലക്ടു കമ്മിറ്റി വളരെ കൗതുകപൂർവ്വം ഈ കുഴപ്പം പരിഹരിക്കാനും ശ്രദ്ധിക്കണമെന്നാണു് ഒന്നാമതായി എനിക്കു പറയാനുള്ളതു്.

രണ്ടാമതു് ഗവണ്മെൻറു് സ്ലം ക്ലിയറൻസിനുള്ള എല്ലാ അധികാരവും കൊടുത്തിരിക്കുന്നതു് മുനിസിപ്പാലിറ്റികൾക്കാണു്. ഇതു കേട്ടാൽ വളരെ നല്ലകാര്യമാണെന്നു തോന്നും. പല സ്ഥലത്തും വളരെയധികം ചേരിപ്രദേശങ്ങൾ ഇന്നുണ്ടു്. അവയെല്ലാം മുനിസിപ്പാലിറ്റികൾക്കു് മുമതലയേറ്റു നടത്താൻ സാദ്ധ്യതയുണ്ടോ, അതിനുള്ള സാമ്പത്തികശേഷി ഉണ്ടോ എന്നു പരിശോധിക്കണം. ഈ കാര്യത്തിൽ ഗവണ്മെൻറിൻെറ ഉത്തരവാദിത്വം ഒന്നുമാത്രമാണു്. ഈ സ്ഥലമൊക്കെ അകപയർചെയ്തു കെട്ടിടങ്ങൾ കെട്ടാനുള്ള സാഹചര്യം ഉണ്ടാക്കികൊടുക്കുക. പ്രധാന മുമതലമുഴുവൻ മുനിസിപ്പാലിറ്റികൾക്കാണു്. ഈ അധികാരം മുനിസിപ്പിലിറ്റികൾക്കു കൊടുത്താൽ അതിനു് മുനിസിപ്പാലിറ്റികൾക്കു കഴിവുണ്ടോ എന്നകാര്യം ആലോചിക്കണം. തീർച്ചയായും ഗവണ്മെൻറു് ഈ കാര്യത്തിൽ കൂടുതൽ ഉത്തരവാദിത്വം ഏറെറടുത്തില്ലെങ്കിൽ ഫലപ്രദമായി ഈ പദ്ധതി നടപ്പാക്കാൻ സാധിക്കുമെന്നു തോന്നുന്നില്ല.

മറെറാരു കാര്യം പ്രതിഫലത്തെപ്പറ്റിയാണു്. അതു് ശ്രീ. ബാലചന്ദ്രമേനോൻ പറഞ്ഞു. വളരെ ചുരുങ്ങിയ ചെലവിൽ ഉണ്ടാക്കിയിട്ടുള്ള കുടിലുകളിലാണു് ചേരിപ്രദേശത്തു്, ആളുകൾ താമസിക്കുന്നതു്. താരതമ്യേന വളരെ കൂടിയ വാടകയാണു് അവർ കൊടുക്കുന്നതു്. വേറെ മാറി താമസിക്കാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് പറയുന്ന വാടകയ്ക്കു അവർ താമസിക്കാൻ നിർബന്ധിതരായിത്തീരുകയാണു്. ഇങ്ങനെ അധീകരിച്ച വാടക വാങ്ങുന്നതിൻെറ 60 ഇരട്ടിപ്രതിഫലം കൊടുക്കണമെന്നു പറയേണ്ടതിൻെറ ആവശ്യമുണ്ടോഎന്നു ആലോചിക്കേണ്ടതാണു്. പല കേസുകളിലും ഇതു വൻപിച്ച ഒരു തുകയായിരിക്കും.രണ്ടുതരംപ്രതിഫലത്തെപ്പറ്റി ഇതിൽ പറയുന്നുണ്ടു്. സ്ലംഏരിയായിലെ പ്രതിഫലവും, സ്ലംക്ലിയറൻസിനു ഗവണ്മെൻറു ഏതെങ്കിലും സ്ഥലം അകപയർചെയ്യുകയാണെങ്കിൽ കേരള ലാൻഡു അകപിസിഷൻ നിയമപ്രകാരം കൊടുക്കുന്ന പ്രതിഫലവും. ഇങ്ങനെ രണ്ടുതരം പ്രതിഫലത്തെപ്പറ്റി ഒരേ സ്ഥലത്തു പറയേണ്ട ആവശ്യമുണ്ടോ എന്നും പരിശോധിക്കണം. ഏതായാലും ഇപ്രകാരിരി

[ശ്രീ. എൻ. ഇ. ബലറാം]

കുറവുകൂടി തീർത്തു് ഈ ബിൽ നടപ്പിൽവരുത്തിയാൽ ഇതുകൊണ്ടുദ്ദേശിക്കുന്ന ഫലം ഉണ്ടാകും. അതുചെയ്യാതെ ഇതേമാതിരി ഇതു പാസ്സാക്കുകയാണെങ്കിൽ വളരെ കുഴപ്പം ഉണ്ടാകുമെന്നും, കുടികിടപ്പുകാർക്കു ഇതു ദോഷംചെയ്യുമെന്നും സെലക്ടു കമ്മിറ്റി മനസ്സിലാക്കി, ആവശ്യമായ പരിഹാരം കാണണമെന്നു് ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഇ. പി. ഗോപാലൻ : സർ, ഈ ചേരിനിർമ്മാർജ്ജന പരിഷ്കരണ ബിൽ സെലക്ടു കമ്മിറ്റി കാര്യമായി പരിഗണിക്കേണ്ടതുണ്ടെന്നാണെന്റെ അഭിപ്രായം. നവീന രീതിയിലുള്ള വ്യവസായങ്ങളും, വ്യാപാരങ്ങളും വളർന്നു വരുമ്പോൾ സ്വാഭാവികമായും ജനങ്ങൾ തിങ്ങിപ്പാർക്കാനിടയാവുന്നു. അങ്ങനെ പട്ടണങ്ങളും മുനിസിപ്പൽ പട്ടണങ്ങളും കോർപ്പറേഷൻ പട്ടണങ്ങളും ഉയർന്നുവരുന്നു. ഇവിടെ ജനവാസപ്രശ്നം, അല്ലെങ്കിൽ ഹൗസിംഗ് പ്രശ്നം വളരെ പ്രധാനപ്പെട്ടതായിത്തീരുന്നു. വൃത്തിഹീനമായ കുടിലുകളുടെ സ്ഥാനത്തു വൃത്തിയുള്ള വീടുകളുണ്ടാക്കാനുള്ള ഉദ്ദേശത്തോടെ കൊണ്ടുവരുന്ന ഈ ബിൽ കാണുമ്പോൾ പറയാൻതോന്നുന്നു; അമ്പലം വിഴുങ്ങി; വക്കുകടിച്ച എന്ന ജാല വിദ്യക്കാരന്റെ പൊല്ലു്. ഒരിടത്തു് ചേരിനിർമ്മാർജ്ജനത്തിനു ഒരുങ്ങുമ്പോൾ അവിടെയുള്ളവർ മറെറാരിടത്തു, ചേരി നിർമ്മിക്കും. ഇതിൽ നാലാമത്തെ വകുപ്പു 'പ്രിവൻഷൻ ഓഫ് ഗ്രോത്തു് ഓഫ് സ്ലംപ്' എന്നാണു്. കാര്യമായി ഈ വകുപ്പു ഉപയോഗിച്ചു കഴിഞ്ഞാൽ പിന്നെ അവിടെ ചേരി കെട്ടാൻ സാധിക്കുകയില്ല എന്നതാണു് ശരി. ചേരി അപ്പുറത്താകാമല്ലോ? ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി ഗവണ്മെന്റു സ്ഥലനിർണ്ണയംചെയ്താൽ, അവിടെ പാർക്കുന്ന ആളുകളെ പിടിച്ചു പുറത്താക്കും. പിന്നെ എവിടേയ്ക്കാണു് അവർ പോകുക? വേറെ സ്ഥലം കൊടുത്താൽ അവിടേയ്ക്കു പോകും. ഇല്ലെങ്കിൽ നിരത്തുവക്കത്തു പാർക്കും. കിട്ടുന്ന സ്ഥലത്തു കയറി പാർക്കും. പുതിയൊരു ചേരി ഉടലെടുക്കും. അതിനൊന്നും പ്രതിവിധിയില്ല. ഈ ബില്ലിൽ വിശാലമായ കാഴ്ചപ്പാടില്ല. നവീന രാഷ്ട്രങ്ങളും ഈ പ്രശ്നത്തിനു് പരിഹാരം കാണുന്നതെങ്ങിനെയെന്നൊന്നും ഈ ബില്ലിന്റെ പ്രണേതാക്കൾക്കു് പ്രശ്നമല്ല. ജനവാസത്തിന്റെ അടിസ്ഥാന പ്രശ്നം എന്ന നിലയ്ക്കു് എടുത്തെങ്കിൽ മാത്രമേ യഥാർത്ഥ പരിഹാരം കാണാൻ കഴിയുകയുള്ളു. അല്ലെങ്കിൽ ആപത്താണു്. ചേരി നിർമ്മാർജ്ജനം കഴിഞ്ഞാൽ പുതിയ വീടുകൾ കെട്ടിക്കൊടുക്കുന്നുണ്ടെന്നു് പറയുന്നുണ്ടു്, തരക്കേടില്ല. പക്ഷേ ആര്ക്കാണു് അതിൽ പാർക്കാൻ ഒക്കുക? മുപ്പതോ നാൽപ്പതോ രൂപ വാടക കൊടുക്കുന്ന ആളുകൾക്കു പാർക്കാൻ പറ്റും. ഭേദപ്പെട്ട അതിഥികൾക്കു് സ്ലംക്ലിയറൻസിനുള്ള മാതൃകയായിട്ടു ഇതു് കാണിച്ചുകൊടുക്കാനും പറ്റും. ഇവിടെയൊക്കെ സ്ലംപ്സ് ആയിരുന്നു. അതു മാറി മാതൃകാപരമായി വേനനിർമ്മാണം ചെയ്തിരിക്കുകയാണു്. വിശേഷമായി ഒരു പരിഷ്കാരം? ഇതുണ്ടാക്കിയെടുക്കും. ചേരികളില്ലാതാക്കാനും പകരം പാർപ്പിട പ്രശ്നം പരിഹരിക്കാനും ഇതുകൊണ്ടാവില്ല. വലിയ ഉദ്ദേശം ഉണ്ടെന്നു് തോന്നിക്കുന്ന ഈ ബില്ലു നടപ്പാവുമ്പോൾ, പരിഷ്കാരത്തിന്റെ പേരിൽ കുറെ പാവപ്പെട്ടവർ കഷ്ടപ്പെടാനിടവരികതന്നെ ചെയ്യും. ഗവണ്മെന്റു ഏതെങ്കിലും ഒരു പട്ടണമെടുത്തു മാതൃകാപരമായി ചേരി നിർമ്മാർജ്ജന പ്രശ്നം പരിഹരിക്കാൻ വേണ്ടുന്ന നടപടി എടുക്കുമെങ്കിൽ അതുയും നന്നു്. അതിനു് ഈ ബിൽ ഉപകരിച്ചു. അങ്ങിനെയുള്ള നോട്ടമൊന്നും ഈ ബില്ലിൽ ഇല്ല. അതുയും അടിസ്ഥാനപരമായിട്ടുള്ള സമീപനം എങ്ങിനെ ഉണ്ടാവാനാണു്? മറെറാരർത്ഥത്തിൽ പറയുകയാണെങ്കിൽ ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി നിങ്ങൾ ശ്രമിക്കുന്തോറും ചേരി വർദ്ധിച്ചുവരികയാണു്. പട്ടണങ്ങളിലെ ചേരിയുടെ കാര്യവും തഥൈവ. ഞാൻ ഈ സ്ലംപ്സിന്റെ കാര്യത്തിൽ മാത്രം പറയുന്നതല്ല. ചേരി ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ ചേരി കൂടുന്നു. അങ്ങിനെ ചേരിനിർമ്മാർജ്ജന ശ്രമവും ചേരികൂടലുമായി നട്ടംതിരിഞ്ഞു നടക്കുമ്പോൾ, ഇങ്ങിനെയൊക്കെത്തന്നെ സംഭവിക്കും. ഇതൊരു മഹാമാനുഷീക പ്രശ്നമാണു് എന്നു് കാണുന്നുണ്ടോ? ഇല്ല ഇവിടെ വർഗ്ഗാടിസ്ഥാനത്തിലുള്ള സമീപനമാണു് എടുക്കുന്നതെന്നു് തോന്നുന്നു. ഉള്ളവരെ നന്നായി കുടിപാർപ്പിക്കാൻ, ഇല്ലാത്തവരെ തള്ളിവിടുന്ന മട്ടാണു് കാണുന്നതു്. ചേരി

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിപാക്കുന്നവരെ ആട്ടിപ്പായിച്ച് തൽസ്ഥാനത്തു് നല്ല വീടുകളും കെട്ടി ഉള്ളവരെ കുടിയിരുത്തുക. പാവപ്പെട്ടവർ, റോഡുവക്കിലും മറ്റും ഈച്ചകളെപ്പോലെ പററിക്കൂടുക. വല്ലേടത്തും ചെന്നു് ചേരിയുണ്ടാക്കുക. ഇതു പല സ്ഥലത്തും നടന്നിട്ടുള്ളതാണു്. അതുപോലെ ഒരേർപ്പാടു് ഇവിടെയും ആവത്തിയ്ക്കപ്പെടുകയില്ലേ? മനുഷ്യക്കു് ശ്വസിയുള്ള പാർപ്പിടം ഉണ്ടാകണം എന്ന നിലയിൽ ഈ നിയമനിർമ്മാണം എത്തണമെങ്കിൽ ഇനിയും എത്രദൂരം പോകണം എന്നു് ഞാൻ ഓർത്തുപോവുകയാണു്. ആ കണക്കിൽ, ഈ ബിൽ വളരെ ഇംപ്രൂവു് ചെയ്യുവാനുണ്ടു്. ഈ ബില്ലിന്റെ അലകുംപിടിയും മാറേണ്ടിയിരിക്കുന്നു. ചുളുവിലൊന്നും ഇതു് ഒതുകയില്ല. ഒരു ഗ്രാമത്തിന്റെ എല്ലാ സൗകര്യങ്ങളും നഷ്ടപ്പെടുക; ഒരു പട്ടണത്തിന്റെ യാതൊരു സൗകര്യവും ഇല്ലാതിരിക്കുകയും ചെയ്യുക—ഇതാണു് നമ്മുടെ പട്ടണങ്ങൾ എന്നു പറയപ്പെടുന്ന സ്ഥലങ്ങളിലെ സ്ഥിതി. ഗ്രാമപ്രദേശമല്ലാതായി. എന്നാൽ പട്ടണമായിട്ടൊട്ടില്ലതാനും. ഇങ്ങിനെയുള്ള ഒരു മട്ടിലാണു് നമ്മുടെ പട്ടണങ്ങളുടെ നിൽപ്പു്. ഇതിനെന്തെങ്കിലും പരിഹാരമുണ്ടോ? ഈ ബില്ലിൽ അതു കാണാൻ വിഷമമാണു്. ചേരിനിർമ്മാർജ്ജനം ചെയ്യാൻ ഒരു സ്ഥലം നിശ്ചയിക്കും. അവിടെ, ചേരികാരുക്കു് പകരം വീടുകൾ കെട്ടാൻ നടപടിയെടുക്കും. ഉണ്ടാക്കുന്ന പുതിയ വീടുകൾ, വാടക കൊടുക്കാൻ കഴിവുള്ളവർക്കു് നൽകും. പാവപ്പെട്ടവർ പാർക്കാനായി ചേരി വേറെ നോക്കണം. ഇതാണു് ഈ ബില്ലിന്റെ കാച്ചപ്പാടു്. എന്താ, ശരിയല്ലേ? ഇതിലപ്പുറമെന്തുണ്ടു്? ഈച്ചകളെപ്പോലെ ആളുകളെ ആട്ടിയകററാനിടയാക്കുന്നതു് ചേരിനിർമ്മാർജ്ജനത്തിനല്ല സഹായിക്കുക. പുതിയ പുതിയ ചേരി ഉണ്ടാക്കുവാനാണു്. വൃത്തിഹീനമായ സ്ഥലത്തുപോലും ആളുകൾക്കു് പാർക്കാൻ അനുവാദമില്ല എന്നു് വരുന്നു. വല്ല കൂരയുംവച്ചു കൂട്ടുന്നവരെ, ആകാശത്തിന്റെ തണൽമാത്രമുള്ളിടത്തേക്കു് ആട്ടിപ്പായിക്കണമെന്നല്ലേ ഉള്ളു? അല്ലെങ്കിൽ, ഇതു് പാർപ്പിടത്തിന്റെ ഗൗരവമുള്ള പ്രശ്നമാണു് എന്ന നിലയിൽ കാണണം. സെലക്ടു കമ്മിറ്റി എന്നാണു് എന്റെ അപേക്ഷ. ഈ ബിൽ ഇതേപടി പാസ്സാക്കിയാൽ നമ്മുടെ പട്ടണങ്ങളിലെ ചേരികൾക്കൊന്നും യാതൊരു തകരാറും പറ്റുകയില്ല എന്നാണെന്റെ പക്ഷം. പട്ടണ പ്രദേശങ്ങളിൽ അഹോവൃത്തിക്കായി അടിഞ്ഞുകൂടുന്ന മനുഷ്യലക്ഷത്തിനു് പാർക്കാൻ പററുന്ന വീടുകളും പരിസരങ്ങളും ഉണ്ടാക്കാൻ കഴിയണം അതാണു് കാര്യം. ഒരിടത്തു് ചേരിമാറ്റാൻ ശ്രമിച്ചാൽ, നാലിടത്തു ചേരികൾ പൊന്തും. എന്തുചെയ്താലും പട്ടണങ്ങളിൽ നിന്നു് ആളൊഴിയുകയില്ല. കൂടുകയേ ഉള്ളു. ജീവിതമാണു് പ്രശ്നം. പഴുത്ത ചക്കയിൽ ഈച്ച ഇരിക്കുംപോലെയാണു്. ആട്ടിയാൽ അപ്പുറത്തുപോയി ഇരിക്കും. മനുഷ്യ ജീവിതത്തിന്റെ മനംനോവിക്കുന്ന ഒരു പ്രശ്നമാണിതു്. ആ നിലയിൽ ഇതിനു് പരിഹാരം കാണാനുള്ള ശ്രമം നടത്തേണ്ടതുണ്ടു്. അതിനുള്ള അഭ്യർത്ഥനയോടുകൂടി, സെലക്ടു കമ്മിറ്റിക്കയക്കണമെന്നുള്ള നിർദ്ദേശത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. കെ. എ. ദാമോദരമേനോൻ : സ്പീക്കർ സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർ സെലക്ടു കമ്മിറ്റിക്കയയ്ക്കണമെന്നു ഈ ബില്ലിൽ സെലക്ടു കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുവാനായി പല കാര്യങ്ങളും ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിനെപ്പററിയെല്ലാം സെലക്ടു കമ്മിറ്റി പര്യാലോചിക്കുന്നതാണെന്ന കാര്യത്തിൽ യാതൊരു സംശയത്തിനും അവകാശമില്ല. ആദ്യം സംസാരിച്ച ശ്രീ. ഹസ്സൻ ഗനി ഈ ബില്ലിലെ വ്യവസ്ഥകളും നടപ്പിലാകുന്ന അവസരത്തിൽ കാലതാമസം ഉണ്ടാകരുതെന്നു പറയുകയുണ്ടായി. പ്രത്യേകിച്ചും ഈ ബില്ലിൽ എന്തെല്ലാം വ്യവസ്ഥകളും ചെയ്താലും ചേരിനിർമ്മാർജ്ജനം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ പണം കൃത്യപ്പെടുത്തിവേണ്ട സമയത്തു കൊടുക്കുവാൻ പററുന്നില്ലെങ്കിൽ അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ല എന്നും പറയുകയുണ്ടായി. അതു ശരിയാണു്. കേന്ദ്രഗവണ്മെന്റു മൂന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു ചേരിനിർമ്മാർജ്ജനത്തിനുവേണ്ടി വലിയ തുകകളും നീക്കിവച്ചിട്ടുണ്ടായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

എന്നാൽ പണം ലഭിക്കുന്നതിനു കാലതാമസം വരും. സാധാരണ ഗവണ്മെന്റിന്റെ കീഴിൽ കൊടുക്കുന്ന ലോണും മറ്റും കൊടുക്കുന്നതിനു പ്രയാസം നേരിടും. ഗവണ്മെന്റു നേരിട്ടു ചുമതല എടുക്കുകയാണെങ്കിൽ അധികം കാലതാമസം വരുമെന്നു വിചാരിക്കുന്നില്ല. അങ്ങനെ ഗവണ്മെന്റു് ഏറ്റെടുത്തു നടത്തണമെങ്കിൽ പലതും ചെയ്യേണ്ടതുണ്ടു്. പ്രാഥമികമായി ചെയ്യേണ്ടതു് ചേരിപ്രദേശങ്ങളെ അകപ്പെടുത്തുക എന്നുള്ളതാണു്. അവരെ താമസിപ്പിക്കുന്നതിനു വേറേ സ്ഥലം കൊടുക്കുക. ഈ നടപടിയിലാണു് കാലതാമസം നേരിടുക. പ്രാഥമികനടപടികൾ പൂർത്തിയായതിനുശേഷമേ ലോൺ ഉപയോഗിക്കുവാൻ സാധിക്കുകയുള്ളു. അതിന്റെ ഫലമായിട്ടാണു് ഈ ബിൽ ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്നതു്. ശ്രീ. ബാലചന്ദ്രമേനോൻ പറഞ്ഞു ഈ ചേരി ഒരു ദിക്കിൽ ഇല്ലാതാക്കാൻവേണ്ടി അവിടെ നല്ല വീടുകളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുമ്പോൾ അതേമാതിരി ചേരി ആ പട്ടണത്തിന്റെ മറ്റു പ്രദേശങ്ങളിൽ ഉണ്ടാകാതിരിക്കാൻ എന്തു നടപടി എടുക്കാമെന്നുള്ളതു കാര്യമായ പ്രശ്നമാണു് എന്നു്. ശ്രീ. ഗോപാലൻ അദ്ദേഹത്തിന്റെ ഭാഷയിൽ വിസ്തരിച്ചു് അതു പറഞ്ഞിട്ടുണ്ടു്. മൂന്നാം വകുപ്പിൽ അതിനു വ്യവസ്ഥയുണ്ടു്. അതു് എത്രമാത്രം സാധിക്കുമെന്നു നിശ്ചയമില്ല. കാരണം ഇതൊരു മാനുഷിക പ്രശ്നമാണു്. ആളുകൾക്കു വീടുവച്ചുകൊടുക്കുകയും ജോലിക്കനുസരിച്ചും ചുരുങ്ങിയ ജീവിതത്തോതു് അനുസരിച്ചു ജീവിക്കുവാനുള്ള സൗകര്യമുണ്ടാക്കി കൊടുക്കുകയും വേണം. അതുകൊണ്ടു് വളരെയധികം ആരോഗ്യമൊന്നും നോക്കാതെ ചില സ്ഥലങ്ങളിൽ ചേരിയുണ്ടായേക്കാമെന്നുള്ളതു തീർച്ചയാണു്. അതിനു പരിഹാരം കാണുന്നതിനു് ഈ ബില്ലിൽ എന്തെങ്കിലും വ്യവസ്ഥ ചെയ്യാമോ എന്നുള്ളതു പരിശോധിക്കാവുന്നതാണു്. സോഷ്യൽ ഡെവലപ്പുമെന്റു സ്കീമും ടൗൺ പ്ലാനിംഗും പൊതു ജനാരോഗ്യവകുപ്പു നടത്തുന്ന ചില ഏർപ്പാടുകളും പട്ടണത്തിന്റെ വികസനത്തിനായി ഏർപ്പാടു ചെയ്തിട്ടുള്ളതാണു്. കൂടാതെ ഹൗസിംഗു് സ്കീം ഉണ്ടു്. അതുംകൂടി കണക്കിലെടുത്തുകൊണ്ടു വല്ലതും ചെയ്യാം എന്നല്ലാതെ പ്രത്യേകമായി എന്തെങ്കിലും ഈ കാര്യത്തിൽ ചെയ്യാൻ കഴിയുമോ എന്നുള്ള കാര്യം സെലക്ടു കമ്മിറ്റി പരിശോധിക്കുന്നതാണു്. പക്ഷേ വലിയ പട്ടണങ്ങളായ ബാംബേ മുതലായ പട്ടണങ്ങളിൽ ചേരിനിർമ്മാർജ്ജനത്തിനു വേണ്ടി ശ്രമിച്ചപ്പോൾ ചേരിയിൽ പാർത്തിരുന്ന ആളുകൾ ആ പട്ടണത്തിലെ മറ്റൊരു സ്ഥലത്തു ചേരിയുണ്ടാക്കുകയാണു് ഉണ്ടായിട്ടുള്ളതു്. അവിടെനിന്നും അവരെ മാറ്റുമ്പോൾ അവർ ആ പട്ടണത്തിന്റെ മറ്റൊരു സ്ഥലത്തേക്കു മാറും എന്നല്ലാതെ ചേരിയുണ്ടാകുന്നതു തടയുവാൻ സാധിച്ചിട്ടില്ല. അതു പരിഹരിക്കുന്നതിനു വിപുലമായ തോതിലുള്ള ഹൗസിംഗു് സ്കീംകൊണ്ടല്ലാതെ സാധിക്കുകയില്ല.

ചേരിനിർമ്മാർജ്ജനപ്രദേശത്തു താമസിക്കുന്നവരെ അവിടെനിന്നും ഒഴിഞ്ഞുപോകണമെന്നു പറഞ്ഞാൽ അവർക്കു് വേറെ എവിടെയെങ്കിലും താമസത്തിനുള്ള സൗകര്യം ചെയ്തുകൊടുക്കണം. അവർക്കു് താമസിക്കാനുള്ള ഏർപ്പാടു ചെയ്തുകൊടുക്കാതെ ഒഴിഞ്ഞുപോകണമെന്നു പറയുന്നതു് ഒരിക്കലും ശരിയല്ല. ചേരിനിർമ്മാർജ്ജനപ്രദേശത്തുനിന്നും മാറിത്താമസിപ്പിക്കാനുള്ള സൗകര്യം ചെയ്തുകൊടുക്കുമ്പോൾ അവർക്കു് നല്ല രീതിയിലുള്ള താമസസൗകര്യങ്ങളും ചെയ്തുകൊടുക്കേണ്ടതാണു്. താൽക്കാലികമായ ഷെഡ്ഡുകളോ മറ്റോ കെട്ടി കൊടുക്കുന്നതു് ശരിയല്ല. മാറി താമസിപ്പിക്കുമ്പോൾ പകരം സ്ഥലം ഉടനെ കൊടുത്തില്ലെങ്കിൽ ഒടുവിൽ അതിനും കുഴപ്പമുണ്ടാകും. ഈ അടുത്ത അവസരത്തിൽ കൊല്ലം ടൗണിന്റെ വികസനത്തിനുവേണ്ടി 154—ഓളം കുടുംബങ്ങളെ ഒഴിപ്പിക്കേണ്ടിവന്നു. അതിൽ 104—ഓളം പേർക്കു് ചെറിയ തോതിലെങ്കിലും ഉടനെ സ്ഥലം പകരമായിട്ടു കൊടുക്കാൻ സാധിച്ചു. എന്നാൽ ബാക്കിയുള്ളവർക്കു് ആവശ്യമായ സ്ഥലം എടുക്കുന്നുള്ള നടപടികൾ ആരംഭിച്ചപ്പോഴാണു് ആരോ കോടതിയിൽകൊണ്ടു് കേസ്സു കൊടുത്തതു്. അതിന്റെ ഫലമായി അവർക്കു് സ്ഥലം കൊടുക്കുന്നതിനു് താമസം നേരിട്ടിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്തതായി പറയുവാനുള്ളതു് വാടകയുടെ കാര്യത്തെപ്പറ്റിയാണു്. വാടകയുടെ കാര്യത്തെപ്പറ്റി പ്രധാനമന്ത്രിയുടെ ഒരു പ്രസ്താവന ശ്രീ. കെ. കെ. വിശ്വനാഥൻ ആണെന്നതോന്നുന്നു ഇവിടെ വായിക്കുകയുണ്ടായി. പുതുതായി തോതിൽ ഏതെങ്കിലും വാടകക്കെട്ടിടത്തിൽ താമസിക്കുന്ന ആളുകളെ കൂടുതൽ വാടകയ്ക്കു് താമസിക്കണമെന്നു് നിർബന്ധിക്കുക സാദ്ധ്യമല്ല. കുറച്ചുനാൾ അവർക്കു് ഒരു സബ്സിഡി കൊടുത്താൽതന്നെ അതിനൊരു പരിഹാരം ഉണ്ടാകുമെന്നു് തോന്നുന്നില്ല. ഈ കാരണങ്ങൾകൊണ്ടാണു് നമ്മുടെ നാട്ടിൽ ചേരിനിർമ്മാർജ്ജന പ്രവർത്തനങ്ങൾ പരാജയപ്പെടുന്നതു്. ഈ നിയമം പാസ്സാക്കി കൊണ്ടുവന്നു് ഗവണ്മെന്റു് അതിൽ കുറെ അധികാരങ്ങൾ ഉപയോഗിച്ചാൽ ചില കാര്യങ്ങൾക്കെങ്കിലും പരിഹാരം ഉണ്ടാകുമെന്നു തോന്നുന്നു കാമ്പൻസേഷന്റെ കാര്യം ഇവിടെ പറഞ്ഞു. കാമ്പൻസേഷനെപ്പറ്റി ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതു് കൂടുതലാണെങ്കിൽ അതിനെപ്പറ്റി ചർച്ച ചെയ്തു് വേണ്ട മാറ്റങ്ങൾ സെലക്ടു് കമ്മിറ്റി സ്റ്റേജിൽ വരുത്തുന്നതാണു്. വാടകയുടെ കാര്യത്തിൽ ബില്ലിൽ വ്യവസ്ഥ ചെയ്തിരിക്കുന്ന രീതിയിലേ ആക്കാൻ സാധിക്കുകയുള്ളു. കാമ്പിറ്റന്റു് അതാറിറ്റി ആയി ഒരു റെവന്യൂ ഡിവിഷണൽ ആഫീസറെ വയ്ക്കാമെന്നാണു് ഇതിൽ പറഞ്ഞിരിക്കുന്നതു്. മറ്റാരെയെങ്കിലും കാമ്പിറ്റന്റു് അതാറിറ്റിയായി നിയമിക്കാമോയെന്നുള്ളതിനെ സംബന്ധിച്ചു് സെലക്ടു് കമ്മിറ്റി പര്യാലോചിക്കേണ്ടതാണു്. അതെല്ലാം തുറന്ന മനസ്സോടുകൂടി ഗവണ്മെന്റിൽ നിന്നും സ്വീകരിക്കുന്നതുമാണു്.

ശ്രീ. പി. അബ്ദുൽ മജീദു് : ഇതിലേയ്ക്കു വേണ്ടി സെൻട്രൽ ഗവണ്മെന്റിൽനിന്നും എന്തെങ്കിലും ധനസഹായം ഈ ഗവണ്മെന്റിലേക്കു് കിട്ടുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : സെൻട്രൽ ഗവണ്മെന്റിൽനിന്നും ഇതിലേക്കു് ധനസഹായം ചെയ്യുന്നതാണു്. ഏതാണ്ടു് ഇരുപത്തഞ്ചുകോടിയോളം രൂപ ലോണായി ലഭിക്കുമെന്നാണു് പ്രതീക്ഷിക്കുന്നതു്. പക്ഷെ ആ പണം ഉപയോഗപ്പെടുത്തുന്നതിനെപ്പറ്റി തിരുവനന്തപുരം കാർപ്പറേഷനും കൊല്ലം ടൗൺ പ്ലാനിംഗ്രുംകൂടി പ്രാരംഭനടപടികളെപ്പറ്റി ആലോചിക്കേണ്ടതുണ്ടു്. ടൗൺ ഇംപ്രൂവുമെന്റു് ട്രസ്റ്റിന്റെ ആവശ്യത്തിലേയ്ക്കു് സ്ഥലം എടുക്കുമ്പോൾ, കുടികിടപ്പുകളെ മാറ്റേണ്ടി വരുമ്പോൾ അവർക്കു് കൊടുക്കുന്ന സ്ഥലത്തിനു് പൂർണ്ണമായ അവകാശം അവർക്കു് ലഭിക്കുമോയെന്നുള്ള ഒരു സംശയം പോദ്യോത്തരവേളയിൽ ഒരു ബഹുമാനപ്പെട്ട മെമ്പർക്കുണ്ടായി. ഇവിടെ പാസ്സാക്കിയ ട്രൂപരിഷ്കരണനിയമമനുസരിച്ചു് അവർക്കു് സ്ഥിരാവകാശം കിട്ടുന്നതാണു്. നമ്മുടെ രാജ്യത്തു് പ്രായോഗികമായിട്ടുള്ള ഒരു പ്രയാസം സ്ഥലം എടുക്കുന്നതിനുള്ള പ്രയാസമാണു്. ഫാക്ടറിയുടെ അടുത്തോ മറ്റു വല്ല തൊഴിൽശാലകളുടെ അടുത്തോ താമസിക്കുന്നവരെ ദൂരസ്ഥലത്തു കൊണ്ടുചെന്നു താമസിപ്പിക്കാൻ വളരെ വളരെ വിഷമം ഉണ്ടാകും. ചെറിയ ജോലികൾ ഉള്ളവർ ജോലിസ്ഥലത്തിനു് പരിസരപ്രദേശങ്ങളിൽ താമസിക്കുന്നതിനേ ഇഷ്ടപ്പെടുകയുള്ളു. അതുകൊണ്ടു് ഇത്തരം പരിഷ്കാരങ്ങൾ ഉണ്ടാക്കുമ്പോൾ മാനുഷികപ്രശ്നങ്ങളെക്കൂടി കണക്കിലെടുക്കേണ്ടതാണു്. എല്ലാത്തിനും ഒരു പരിഹാരം പെട്ടെന്നു് ഗവണ്മെന്റിനെക്കൊണ്ടു് ചെയ്യാൻ സാധിക്കുകയില്ല. ആവശ്യമായ കുറെ അധികാരങ്ങൾ ഗവണ്മെന്റു് ഏറെടുക്കുകയും, മുനിസിപ്പാലിറ്റിയും, കാർപ്പറേഷനുമെല്ലാം അതിൽ കുറെ ശ്രദ്ധാന്തി പ്രകടിപ്പിക്കുകയും ചെയ്താൽ ഇക്കാര്യത്തിൽ കുറെ വിജയം ഉണ്ടാകുമെന്നാണു് ഗവണ്മെന്റു പ്രതീക്ഷിക്കുന്നതു്. ഏതാണ്ടു് ചേരിയിൽ ഇരിക്കുന്ന പ്രദേശങ്ങളെ ചേരിനിർമ്മാർജ്ജനപ്രവർത്തനങ്ങളനുസരിച്ചു് വിജയിപ്പിക്കാൻ എന്തെല്ലാം ചെയ്യണമെന്നു് കാര്യമായി ആലോചിച്ചതിന്റെ ഫലമായിട്ടാണു് ഇങ്ങനെയൊരു നിയമം കൊണ്ടുവരാൻതന്നെ സാധിച്ചതു്.

ശ്രീ. ഗോപാലൻ ഇവിടെ പറഞ്ഞ കാര്യങ്ങളെപ്പറ്റിയൊന്നും പറയാൻ ഞാനാഗ്രഹിക്കുന്നില്ല. കാരണം അദ്ദേഹം എപ്പോഴും "ദോഷൈകദൃക്കു"ണു്. ഏതു കാര്യങ്ങളെപ്പറ്റി പറഞ്ഞാലും അദ്ദേഹത്തിനു് അതിലുള്ള ദോഷമുൾ

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. എ. ദാമോദരമേനോൻ]

ങ്ങളെപ്പറ്റി മാത്രമേ കാണാൻ സാധിക്കുകയുള്ളൂ. ശ്രീ. ഗോപാലനാണെങ്കിൽ നല്ല വശങ്ങളെ കൂടി ദോഷവശങ്ങളായി കാണിക്കും. അതു് ഒരു കണക്കിൽ നല്ലതാണു്. ഇതെല്ലാം പറഞ്ഞിട്ടും ഒടുവിൽ അദ്ദേഹം സെലക്ടു് കമ്മിറ്റി ക്കയയ്ക്കണമെന്നുള്ള പ്രമേയത്തെ പിൻതാങ്ങിയതിൽ ഞാൻ സന്തോഷിക്കുന്നു. ഈ ബില്ലിലുള്ള പാകപ്പിഴകളും കണ്ടുപിടിച്ചു് ആവശ്യമായ മാറ്റങ്ങളും സെലക്ടുകമ്മിറ്റി സ്റ്റേജിൽ വരുത്തുന്നതിനു് എല്ലാവരും സഹകരിക്കുമെന്നു വിശ്വസിക്കുന്നു. ഈ ബിൽ സെലക്ടുകമ്മിറ്റിക്കയയ്ക്കണമെന്നുള്ള പ്രമേയം പാസ്സാക്കിത്തരണമെന്നു് ഞാൻ സഭയോടു് അപേക്ഷിക്കുന്നു.

Mr. Speaker : The question is that the Kerala Slum Areas (Improvement and Clearance) Bill, 1964 be referred to a Select Committee consisting of the following Members :

1. Shri M. M. Mathai,
2. ,, T. Krishnan,
3. ,, K. T. Thomas,
4. ,, P. G. Balakrishnan Nambiar,
5. ,, K. Narayana Kurup,
6. ,, K. Anirudhan,
7. Smt. Kusumom,
8. Shri T. K. Ramakrishnan,
9. ,, K. Krishna Pillai,
10. ,, M. Chadayan,
11. ,, P. M. Kunhiraman Nambiar and the mover.

The Bill to be reported back in due course.

The motion was put and carried.

The Bill was referred to a Select Committee

Business of House—Next meeting of Assembly.

Mr. Speaker : Order, order. Since the Government business according to the Agenda for today is almost finished except for a few Bills which will be taken up later, it has been suggested by the Leader of the House that the House may be adjourned today to meet again on the 18th February, 1964.

ശ്രീ. ജോസഫ് ചാഴിക്കാട്ടു് : സർ, അങ്ങയുടെ ശ്രദ്ധയിൽ ഒരു കാര്യം പെടുത്താനുണ്ടു്. ഈ സഭയിൽ നടപടിക്രമങ്ങൾക്കു് ഏതെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ വരുത്തുകയാണെങ്കിൽ.....

Mr. Speaker : Order, order. Please resume your seat. I want to know the sense of the House.

ശ്രീ. സി. അച്യുതമേനോൻ : സർ, ഞങ്ങൾക്കും ഞങ്ങളുടെ അഭിപ്രായം പറയാനുണ്ടു്. ഈ മന്ത്രിസഭയുടെ സ്ഥിതിതന്നെ അനിശ്ചിതമാണു്. അതിനെസംബന്ധിച്ചു് മുഖ്യമന്ത്രിയോടു ചോദിച്ചപ്പോൾ, അദ്ദേഹം ഇപ്പോൾ ഈ രാജ്യത്തുനടക്കുന്ന സംഭവങ്ങളൊന്നുംതന്നെ അറിഞ്ഞുകൂടാത്ത മട്ടിൽ അവയെല്ലാം നിഷേധിക്കുകയുണ്ടായി. സഭ നിറുത്തിവെയ്ക്കണമെന്നുണ്ടായിരുന്നുവെങ്കിൽ അതിനെ സംബന്ധിച്ചുള്ള ഒരു സ്റ്റേറ്റുമെന്റു മുഖ്യമന്ത്രിക്കു്-ഈ സഭയുടെ മുമ്പാകെ വെയ്ക്കുമായിരുന്നു, എന്നാൽ അതു് ഇവിടെ ചെയ്തിട്ടില്ല, അതുകൊണ്ടു് ഞങ്ങൾക്കു് ഇക്കാര്യത്തോടു യോജിക്കാൻ നിവൃത്തിയില്ല.

ശ്രീ. ഇ. പി. ഗോപാലൻ : സഭ നിറുത്തിവെയ്ക്കുന്നതിനോടു ഞങ്ങൾ യോജിക്കുന്നില്ല. അടിയന്തിരമായി പാസാക്കേണ്ടചില ബില്ലുകളുടെ ലിസ്റ്റു് ഞങ്ങളുടെ മുമ്പാകെ വെച്ചിട്ടുണ്ടു്. സ്റ്റേറ്റിനു് വരവുണ്ടാകുന്ന ആ ബില്ലുകൾ പാസാക്കേണ്ടതു് വളരെ അത്യാവശ്യമാണു്. അതൊന്നും പാസാക്കേണ്ട ആവശ്യമില്ലെന്നാണോ ഗവണ്മെന്റു വിചാരിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : അതൊന്നും വേണ്ടെന്നു പറയുന്നില്ല. തൽക്കാലം ഇപ്പോൾ സഭ പിരിച്ചുവിട്ടിട്ട് വീണ്ടും പതിനെട്ടാംതീയതി കൂടാവുന്നതാണു്. അന്നു് ഈ ബില്ലുകളെല്ലാം പാസാക്കാവുന്നതാണു്.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : സഭ മാറ്റിവെയ്ക്കാൻ പാടില്ലെന്നുള്ള ഞങ്ങളുടെ അഭിപ്രായം ഈ സഭയുടെ മുമ്പാകെ പറയുന്നതിനുവേണ്ടിയാണു് ഞാൻ നേരത്തെ എഴുന്നേറ്റതു്.

ശ്രീ. പി. വിശ്വംഭരൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ, ഈ സഭാനടപടികളം മാറ്റിവെയ്ക്കണമെന്നുള്ള ഏതെങ്കിലും ഒരു അഭ്യർത്ഥന ലീഡർ ഓഫ് ദി ഹൗസിനു് വെയ്ക്കണമെന്നുണ്ടായിരുന്നുവെങ്കിൽ, ഇന്നു് രാവിലെ അദ്ദേഹം ഇവിടെ ഉണ്ടായിരുന്നപ്പോൾ വെയ്ക്കാവുന്നതാണു്. അങ്ങനെ ഈ സഭയിൽ നേരിട്ടു് ഒരു അഭ്യർത്ഥന വെയ്ക്കാതിരുന്നതു് ശരിയാണോ ? ഈ സഭയിലെ സഭാനേതാവു് സഭാനടപടികളം മാറ്റിവെയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രമേയം ഇവിടെ അവതരിപ്പിച്ചിട്ടുമില്ല, ഈ സഭയിലുള്ള മറ്റു പാർട്ടികളുടെ അഭിപ്രായം ആരാഞ്ഞിട്ടുമില്ല. ഈ സഭയോടു് ഏറ്റവും കൂടുതൽ ആദരവു് കാണിക്കേണ്ട സഭാനേതാവു് ഇന്നു് ഇവിടെ ഹാജരായിരുന്നു. ഇന്നു് രാവിലെ ഈ സഭ തുടരുന്നതിനെസംബന്ധിച്ചു് ചിലർ അടിയന്തിരപ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ, യാതൊരു സംഭവവികാസവും ഉണ്ടാകാൻ പോകുന്നില്ലെന്നുള്ള നിലയിൽ സഭാനേതാവു് മറുപടി പറയുകയുണ്ടായി. അതിനുശേഷം ഇവിടെനിന്നു് ഇറങ്ങിപോയി, ബഹുമാനപ്പെട്ട സ്പീക്കർക്കു് സഭാനടപടികളം മാറ്റിവെയ്ക്കണമെന്നുകാണിച്ചു് ഒരു ചിറ്റു് എഴുതിതന്നിട്ടു് പോയതു് ബഹുമാനപ്പെട്ട സ്പീക്കറോടും ഈ സഭയോടും കാണിക്കുന്ന അനാദരവല്ലേ ? ഇങ്ങനെ സഭയോടു് അനാദരവു കാണിക്കുന്ന രീതിയിലുള്ള നടപടിക്രമങ്ങളം ആവർത്തിക്കുന്നതു് ശരിയാണോയെന്നറിഞ്ഞാൽ കൊള്ളാം.

ശ്രീ. കെ. എ. ദാമോദരമേനോൻ ; ഇവിടത്തെ സഭാനേതാവു് എറണാകുളത്തു് ഇന്നു നടക്കുന്ന അതിപ്രധാനമായ ഒരു ആലം ഇൻഡ്യാ കൺഫറൻസിൽ ദക്ഷിണമേഖലാ ഭക്ഷ്യവകുപ്പുമന്ത്രിമാരുടെ കൺഫറൻസിൽ പങ്കെടുക്കുന്നതിനുവേണ്ടി പോയിരിക്കുകയാണു്. അദ്ദേഹം ഇവിടെനിന്നും പോകുന്നതിനുമുമ്പു ഇങ്ങനെയൊരു നിർദ്ദേശം സഭയിൽ വെയ്ക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട സ്പീക്കറോടു അപേക്ഷിച്ചിട്ടുണ്ടു്. അതനുസരിച്ചാണു് ബഹുമാനപ്പെട്ട സ്പീക്കർ ആ നിർദ്ദേശം സഭാ മുമ്പാകെ അവതരിപ്പിച്ചതു്. ഇതു് സഭയോടും ബഹുമാനപ്പെട്ട സ്പീക്കറോടും കാണിക്കുന്ന അനാദരവും അവകാശലംഘനവുമാണെന്നു് തോന്നുന്നില്ല.

ശ്രീ. പി. വിശ്വംഭരൻ : സഭാനേതാവു് ഇന്നു് ഇവിടെ ഹാജരായിരുന്നില്ലേ ? ആ സന്ദർഭത്തിൽ അദ്ദേഹത്തിനു് ഈ കാര്യം സഭയുടെ മുമ്പാകെ വെയ്ക്കാമായിരുന്നില്ലേ ?

മി. സ്പീക്കർ : ശ്രീ. പി. വിശ്വംഭരൻ പറഞ്ഞതുപോലെ സഭാനേതാവു് സഭയോടും സ്പീക്കറോടും അനാദരവുകാണിച്ചതായിട്ടു തോന്നുന്നില്ല. ഈ സംഗതി സഭയെ അറിയിക്കാൻ സഭാനേതാവു് എഴുതിതരികയും അതു് ഇവിടെ അറിയിക്കുകയും ചെയ്തു. അതിൽ എന്തെങ്കിലും തെറ്റുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. കെ. ഭാർഗ്ഗവൻ : ചീഫ് മിനിസ്റ്റർ ഇവിടെ ഇല്ലാത്ത പക്ഷം അദ്ദേഹത്തിന്റെ ക്യാബിനറ്റിൽ ഉള്ള ഏതെങ്കിലും മന്ത്രിയെ ഇതിനുവേണ്ടി ചുമതലപ്പെടുത്താമായിരുന്നില്ലേ ? മാത്രമല്ല, അദ്ദേഹം ഇന്നു രാവിലെ ഈ സഭയിൽ ഹാജരുണ്ടായിരുന്നു. അദ്ദേഹത്തിനു് കൺഫറൻസിൽ സംബന്ധിക്കുന്നതിനുപോകണമെന്നുണ്ടായിരുന്നുവെങ്കിൽ ഇന്നു രാവിലെതന്നെ ഈ സഭയോടും ഇക്കാര്യം പറയാമായിരുന്നു. ശ്രീ. കെ. എ. ദാമോദരമേനോന്റെ വിശദീകരണം കേട്ടപ്പോൾ ശ്രീ. വിശ്വംഭരന്റെ പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ചുള്ള സംശയം വർദ്ധിക്കുകയാണു് ചെയ്യുന്നതു്. ഇതിനെപ്പറ്റി ഒരു മോഷൻ ഇവിടെ കൊണ്ടുവന്നു് ഈ സഭയുടെ അഭിപ്രായം അറിയേണ്ടതായിരുന്നു. അങ്ങനെയൊന്നു് ചെയ്യാത്തിടത്തോളം കാലം ഇതിനോടു്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. കെ. ഭാർഗ്ഗവൻ]

ഞങ്ങൾക്കു് യോജിക്കാൻ നിവൃത്തിയില്ല. ഇതു് ഇവിടത്തെ ഗൂളകൾക്കു് തന്നെ വിരുദ്ധമായിട്ടുള്ള ഒരു നടപടിയല്ലേ ?

മി. സ്പീക്കർ : ഒരു മോഷൻ കൊണ്ടുവന്നു് പാസാക്കി അതു് വോട്ടിനിട്ടു തീരുമാനിക്കേണ്ടആവശ്യം ഇക്കാര്യത്തിൽ ഉണ്ടെന്നു് തോന്നുന്നില്ല. ഗൂളകൾക്കു് വിരുദ്ധമായ ഒരു നടപടിക്രമവുമല്ല ഇതു്. ഞാൻ മനസിലാക്കുന്നതു് ഹൗസിന്റെ ജനറൽ സെൻസു് ഇതിനു് അനുകൂലമാണെന്നാണു്.

The House signified its agreement.

Mr. Speaker . Order, order. The House will now adjourn and meet again at 8 a. m. on Tuesday, the 18th February, 1964.

The House adjourned at 1 p. m. to meet again at 8 a. m. on Tuesday, the 18th February, 1964.